മി. സ്പീക്കർ: ഓർഡർ......ഓർഡർ...... ചോദ്യം നമ്പർ (*481)

## സ്റ്റാർട്ട് അപ്പ് വില്ലേജ്

**1** (*481) ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ സ്റ്റാർട്ട് അപ്പ് വില്ലേജിന് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം സൗകര്യങ്ങളും സജ്ജീകരണങ്ങളുമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

(എ-സി) സംസ്ഥാനത്ത് കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ സ്റ്റാർട്ട് അപ്പ് വില്ലേജിന് രൂപം നൽകിയിട്ടില്ല. എന്നാൽ സ്റ്റാർട്ട് അപ്പുകളെ

പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. സ്റ്റാർട്ട് അപ്പ് ഇക്കോ സിസ്റ്റത്തെ പിന്തുണച്ചുവരുന്നു. തുടക്കത്തിൽ Seed Fund പദ്ധതിവഴി 25 ലക്ഷം രൂപവരെ മൂലധനസഹായം ലഭ്യമാകുകയും ഒപ്പംതന്നെ Business Incubation Center-കൾക്ക് സ്ഥലം നൽകുകയും ചെയ്തിരുന്നു. തുടർന്ന് ഇപ്പോൾ Scale-up-നായി Start-up-കൾക്കുള്ള ധനസഹായം ഒരു കോടി രൂപവരെ അനുവദിക്കുന്നുണ്ട്. കെ.എസ്.ഐ.ഡി.സി. ഇതുവരെ കേരളത്തിലുടനീളം 165 സ്റ്റാർട്ട് അപ്പുകൾക്കായി 40.06 കോടി രൂപ സ്റ്റാർട്ടപ്പ് വായ്പയായി അനുവദിക്കുകയും അതിൽ 121 സ്റ്റാർട്ട് അപ്പുകൾക്ക് 24.48 കോടി രൂപ വായ്പ നൽകുകയും ചെയ്തു. ഈ സ്റ്റാർട്ട് അപ്പുകളിൽ 27 എണ്ണം അവരുടെ വായ്പ പൂർണ്ണമായും തിരിച്ചടക്കുകയും ചെയ്യുകയുണ്ടായി. സ്റ്റാർട്ട് അപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി 2 വായ്പാ പദ്ധതികൾ (സീഡ് ഫണ്ട് അസ്സിസ്റ്റൻസ്, സ്കെയിൽ അപ്പ് സപ്പോർട്ട്) കെ.എസ്.ഐ.ഡി.സി.-ക്കുണ്ട്. അവയുടെ വിശദാംശങ്ങൾ താഴെ പറയുന്നു.

സീഡ് ഫണ്ട് അസ്സിസ്റ്റൻസ്:- കേരളത്തിലുടനീളമുള്ള സ്റ്റാർട്ട് അപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാർത്ഥികളടക്കമുള്ള യുവസംരംഭകരുടെ

നൂതനവും വ്യാപാരയോഗ്യമായ സംരംഭങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. 25 ലക്ഷം രൂപവരെ മൂലധനസഹായം നൽകിവരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ 25 ലക്ഷം രൂപവരെ നിലവിൽ 6.75% പലിശനിരക്കിൽ നാലുവർഷത്തേയ്ക്ക് ഈടില്ലാതെ വായ്പ നൽകിവരുന്നു.

<u>സ്കെയിൽ അപ്പ് സപ്പോർട്ട്</u>:- മേൽപ്പറഞ്ഞവയ്ക്ക് പുറമെ തങ്ങളുടെ ഉൽപ്പന്നം/സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവൽക്കരിക്കുകയും ചെയ്ത സ്റ്റാർട്ട് അപ്പുകൾക്ക് "സ്കെയിൽ അപ്പ് സപ്പോർട്ട്" എന്ന പദ്ധതിയും കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കിവരുന്നു. ഈ പദ്ധതിപ്രകാരം 100 ലക്ഷം രൂപവരെ നിലവിൽ 7.00% പലിശനിരക്കിൽ നാല് വർഷത്തേയ്ക്ക് ഈടില്ലാതെ വായ്പ നൽകിവരുന്നു.

കെ.എസ്.ഐ.ഡി.സി. നിലവിൽ, 2024-25 സാമ്പത്തിക വർഷത്തിൽ സ്റ്റാർട്ട് അപ്പുകൾക്ക് ഒരു കോടി രൂപവരെ ധനസഹായം നൽകുന്ന സ്കെയിൽ അപ്പ് പദ്ധതിക്കാണ് പ്രാധാന്യം നൽകുന്നത്. സംസ്ഥാനത്തെ കരുത്തുറ്റ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിന് കേരള സ്റ്റാർട്ട് അപ്പ് മിഷനുമായി സഹകരിച്ച് കെ.എസ്.ഐ.ഡി.സി. സ്കെയിൽ അപ്പ് കോൺക്ലേവ്

നടത്തുകയുണ്ടായി. പ്രസ്തുത കോൺക്ലേവിൽ ലഭിച്ച നിർദ്ദേശങ്ങൾ വിശകലനം ചെയ്ത് തുടർനടപടി സ്വീകരിച്ചുവരുന്നു.

കേരള സ്റ്റാർട്ട് അപ്പ് മിഷൻ സ്റ്റാർട്ട് അപ്പുകളുമായി ബന്ധപ്പെട്ട വിഷയം കൈകാര്യം ചെയ്യുന്നതിന് സംസ്ഥാന സർക്കാരിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്ത് മികച്ച സ്റ്റാർട്ട് അപ്പ് ആവാസ വ്യവസ്ഥ സ്ഥാപിക്കുന്നതിനായി യുവസംരംഭകത്വ വികസന പദ്ധതി, ടെക്നോളജി ഇന്നവേഷൻ സോൺ എന്നീ പദ്ധതികൾ കേരള സ്റ്റാർട്ട് അപ്പ് മിഷനിലൂടെ നടപ്പിലാക്കിവരുന്നു. കേന്ദ്രസർക്കാരിന്റെ DPIIT- യുടെ കണക്കുപ്രകാരം സംസ്ഥാനത്ത് നിലവിലെ സ്റ്റാർട്ട് അപ്പുകളുടെ എണ്ണം 5522 ആണ്. സ്റ്റാർട്ട് അപ്പുകൾക്ക് ലഭ്യമായ നിക്ഷേപം 5,500 കോടി രൂപയാണ്. സ്റ്റാർട്ട് അപ്പുകളിലൂടെ ലഭ്യമായ തൊഴിലവസരം 55000-ത്തിലധികമാണ്. കേന്ദ്ര സർക്കാരിന്റെ സംസ്ഥാന സ്റ്റാർട്ട് അപ്പ് റാങ്കിംഗിൽ 2018, 2019, 2020 വർഷങ്ങളിലെ ടോപ് പെർഫോർമറായും 2022-ലെ റാങ്കിംഗിൽ ബെസ്റ്റ് പെർഫോർമറായും കേരളത്തെ തിരഞ്ഞെടുത്തിട്ടുണ്ട്. നിക്ഷേപവും നവീന ആശയങ്ങളും വളർത്തുന്നതിനും അനുകൂലമായ സുസ്ഥിര വ്യാവസായിക

അന്തരീക്ഷം സൃഷ്ടിക്കുന്നതിനും മുൻനിർത്തിയുള്ള സംസ്ഥാന സർക്കാരിന്റെ വ്യാവസായിക നയത്തിലും രാജ്യത്തെ വികസിതമായ സ്റ്റാർട്ട് അപ്പ് കേന്ദ്രമാക്കി കേരളത്തെ മാറ്റുകയെന്നത് പ്രഥമ ലക്ഷ്യങ്ങളിലൊന്നാണ്.

ശ്രീ. പി. ജെ. ജോസഫ്: സർ, സ്റ്റാർട്ട് അപ്പ് വില്ലേജുകൾ നിലവിൽ വന്നതിനുശേഷം എത്രയെണ്ണം മികച്ച നിലയിൽ പ്രവർത്തിക്കുന്നുണ്ട്; ഇവയുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുവാൻ വ്യവസായ വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ടോ?

ശ്രീ. പി. രാജീവ്: സർ, സ്റ്റാർട്ട് അപ്പ് വില്ലേജ് എന്ന സംവിധാനം ബഹുമാന്യനായ മുഖ്യമന്ത്രിയുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ സ്റ്റാർട്ട് അപ്പുകൾക്കുള്ള പിന്തുണയാണ് കെ.എസ്.ഐ.ഡി.സി. നൽകുന്നത്. കേരളം സ്റ്റാർട്ട് അപ്പുകളുടെ കാര്യത്തിൽ ലോകത്തിനുതന്നെ മാതൃകയാകുന്ന രൂപത്തിൽ വളർന്നുകൊണ്ടിരിക്കുകയാണ്. ഇന്ത്യയിലെ ഏറ്റവും മികച്ച സ്റ്റാർട്ട് അപ്പ് ഇക്കോ സിസ്റ്റം കേരളത്തിലാണുള്ളത്. മികച്ച സ്റ്റാർട്ട് അപ്പുകളെ സംബന്ധിച്ച് അങ്ങ് ചോദിച്ചു, ഓപ്പൺ ഫിനാൻഷ്യൽ ടെക്നോളജീസ് ഇന്ത്യയിലെ നൂറാമത്തെ യൂണിക്കോണായി തിരഞ്ഞെടുക്കുന്ന രൂപത്തിലേയ്ക്ക് വളരുകയുണ്ടായി. അതുപോലെ റോബോട്ടിക്സ് മേഖലയിലെ ജെൻ

റോബോട്ടിക്സ്, ശാസ്ത്ര റോബോട്ടിക്സ്, ഇൻകർ റോബോട്ടിക്സ്, ഐറോവ് എന്നീ കമ്പനികൾ ഈ മേഖലയിൽ കേരളം കൈവരിച്ച മുന്നേറ്റത്തിന്റെ ദൃഷ്ടാന്തങ്ങളാണ്. ഓയിൽ പൈപ്പ് ലൈനുകളിലെ ചോർച്ച കണ്ടെത്തുന്നതിനും ഒഴിവാക്കുന്നതിനുമുള്ള എ.ഐ. സാങ്കേതികവിദ്യ വികസിപ്പിച്ച ട്രാൻസ്ലിയോ- യ്ക്ക് ലോകപ്രശസ്ത കമ്പനിയായ ഷെല്ലിന്റെ അംഗീകാരം നേടിയിട്ടുണ്ട്. കൂടാതെ, കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രശംസ നേടിയ INTERVEL നല്ല രീതിയിലുള്ള സ്റ്റാർട്ട് അപ്പായി ലോകത്തിലെ പല രാജ്യങ്ങളും ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്. കൂടാതെ എൻട്രി, എഡ്യൂപോർട്ട് എന്നിവയെല്ലാം എഡ് ടെക്(Ed tech) മേഖലയ്ക്കകത്തെ മികച്ച സ്റ്റാർട്ട് അപ്പുകളാണ്. ഇംഗ്ലണ്ടിന്റെയും കാനഡയുടെയും പാടശേഖരങ്ങളിൽ കീടനാശിനി തളിക്കാൻ ഉപയോഗിക്കുന്ന ഡ്രോണുകൾ വികസിപ്പിച്ചത് കേരളത്തിന്റെ സ്റ്റാർട്ട് അപ്പായ ഫ്യൂസ് ലേജ് ആണ്. ഇന്ത്യയിലെ ആദ്യത്തെ ഡി.ജി.സി.എ. അംഗീകൃത അഗ്രി ടെക് ഡ്രോണിന്റെ നിർമ്മാതാക്കളാണിവർ. ഹിറ്റാച്ചി പോലെയുള്ള ജാപ്പനീസ് കമ്പനികളും ഇവർക്ക് സപ്പോർട്ട് നൽകുന്നുണ്ട്. സെമികണ്ടക്ടർ മേഖലയിൽ പ്രവർത്തിക്കുന്ന Netrasemi,

Silizium Circuits എന്നിവ ലോകശ്രദ്ധ പിടിച്ചുപറ്റിയ കേരളത്തിന്റെ സ്റ്റാർട്ട് അപ്പുകളാണ്. എ.വി.ജി.സി. മേഖലയിൽ പ്രവർത്തിക്കുന്ന Bhooshan Animations India Private Limited, TILT LAB, അതുപോലെ ഭ്രമയുഗം സിനിമയുടെ VFX ചെയ്ത EUNOIANS Creative Studio എന്നീ കമ്പനികളും സ്റ്റാർട്ട് അപ്പ് മിഷന്റെ ഭാഗമായിട്ടുള്ളതാണ്. ഇതുകൂടാതെ, ആരോഗ്യ രംഗത്ത് എറണാകുളത്തുള്ള 'മൈ കെയർ' എന്ന കമ്പനി നല്ല രീതിയിലുള്ള ഒരു സ്റ്റാർട്ട് അപ്പ് സംവിധാനമാണ്. ലോകപ്രശസ്ത ദന്തൽ ഇംപ്ലാന്റ് നിർമ്മാതാക്കളായ സ്ട്രോമാൻ ഗ്രൂപ്പ് നിക്ഷേപം നടത്തിയിട്ടുള്ള മറ്റൊരു സ്റ്റാർട്ട് അപ്പാണ് കെയർ സ്റ്റാക്ക്. ആൽഗയിൽനിന്ന് ബിസ്കറ്റുകൾ ഉണ്ടാക്കി ലോകത്തിനെ കാർബൺ ന്യൂട്രാലിറ്റിയിൽ എത്തിക്കുന്നതിന് വലിയ സംഭാവന ചെയ്യാൻ കഴിയുന്ന ഉപകരണങ്ങൾ വികസിപ്പിച്ച പത്തനംതിട്ടയിലെ വെച്ചൂച്ചിറയിലുള്ള സാറാ ബയോടെക് എന്ന സ്റ്റാർട്ട് അപ്പ് മികച്ച രീതിയിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഒട്ടനവധി പേറ്റന്റുകളുമായി IoT രംഗത്ത് പ്രവർത്തിക്കുന്ന ഇൻടോട്ട്, ഇലക്ട്രിക് വെഹിക്കിൾ രംഗത്തെ സേവനദാതാക്കളായ സി-ഇലക്ട്രിക് ചാർജ് മോഡ് തുടങ്ങിയ കമ്പനികളും

എ.ഐ. സോഫ്റ്റ്‌വെയർ രംഗത്ത് പ്രവർത്തിക്കുന്ന പ്രീമാജിക്, ക്ലൗ ട്രാക്ക്, സാപ്പി ഹയർ എന്നീ കമ്പനികളും അടുത്തിടെ 15 കോടി രൂപ ഫണ്ട് ഓഫ് ഫണ്ടിൽനിന്ന് നിക്ഷേപം ലഭിക്കാൻ അർഹരായ കമ്പനികളാണ്. ഇൻഷ്വറൻസ് മേഖലയിലെ ഫിൻസാൽ (Finsall), ടെലിമെഡിസിൻ രംഗത്ത് പ്രവർത്തിക്കുന്ന ബെസ്റ്റ് ഡോക്ക്, ക്യാൻസർ ചികിത്സാ രംഗത്ത് പ്രവർത്തിക്കുന്ന സാസ്കൻ, ഭിന്നശേഷിക്കാരുടെ ജീവിതനിലവാരം ഉയർത്തുന്നതിന് സഹായിക്കുന്ന അസൂക് ഇന്നവേഷൻസ്, ഇന്ത്യയിലെ തുറമുഖങ്ങളിലെല്ലാം നിലവിൽ ഉപയോഗിക്കുന്ന ഡോക്കർ വിഷൻ എന്നിവയെല്ലാം കേരളത്തിലെ മികച്ച സ്റ്റാർട്ട് അപ്പുകൾക്ക് ഉദാഹരണങ്ങളാണ്. കേരള സ്റ്റാർട്ട് അപ്പ് മിഷൻ മുഖേന സംസ്ഥാന സർക്കാർ സ്റ്റാർട്ട് അപ്പുകളിൽ 51.6 കോടി രൂപ മുടക്കിയതിൽ ഇന്നത്തെ വിപണി മൂല്യം 166 കോടി രൂപയാണ്. നിക്ഷേപിച്ച മൂലധനത്തിന്റെ 3.79 ശതമാനം ഇരട്ടി വളർച്ചയാണ് കാണിക്കുന്നത്. ഇത് കേരളത്തിലെ സ്റ്റാർട്ട് അപ്പ് ആവാസവ്യവസ്ഥ കൈവരിച്ച നേട്ടങ്ങളുടെ തെളിവായി കണക്കാക്കുന്നു.

ശ്രീ. പി. ജെ. ജോസഫ്: സർ, ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോയെന്നതിന് മറുപടി പറഞ്ഞില്ല. വിദ്യാർഥികൾക്കായി സ്റ്റാർട്ട് അപ്പ് നയം സർക്കാർ രൂപീകരിച്ചിട്ടുണ്ടോ; എഞ്ചിനീയറിംഗ് കോളേജുകളിൽനിന്ന് സംരംഭകരെ കണ്ടെത്താനും അവർക്കായി സംരംഭക കോഴ്സുകൾ ആരംഭിക്കുന്ന കാര്യവും പരിഗണിക്കുമോ?

ശ്രീ. പി. രാജീവ്: സർ, മാർക്കറ്റിംഗിനായി പ്രൊക്യൂർമെന്റിലെല്ലാംത്തന്നെ സ്റ്റാർട്ട് അപ്പുകൾക്ക് പ്രത്യേക പരിഗണനയും പി.ക്യൂ. കണ്ടീഷനകത്ത് ആവശ്യമായ ഇളവുകളും സംസ്ഥാന ഗവൺമെന്റ് നൽകുന്നുണ്ട്. അതോടൊപ്പം നമ്മുടെ നെറ്റ്‌വർക്കിംഗിനകത്ത് സ്റ്റാർട്ട് അപ്പുകൾക്ക് പ്രത്യേക പരിഗണന നൽകുന്നുണ്ട്. അങ്ങ് ചോദിച്ച ചോദ്യം വളരെ പ്രസക്തമാണ്. വിദ്യാർഥികൾ ഈ മേഖലയിൽ നന്നായി ഇടപെടുന്നുണ്ട്. എല്ലാ യൂണിവേഴ്സിറ്റികളുടെ കീഴിലും നൂറുകണക്കിന് സ്റ്റാർട്ട് അപ്പ് സംവിധാനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സ്റ്റാർട്ട് അപ്പുകളുടെ incubators, accelerators എല്ലാംതന്നെ ഉന്നതവിദ്യാഭ്യാസ സംവിധാനത്തിന്റെ ഭാഗമായി വന്നിട്ടുണ്ട്. അതിനാവശ്യമായ സ്ഥല സൗകര്യങ്ങളും മറ്റും ഉൾപ്പെടുത്തുന്നുണ്ട്.

ഏറ്റവും ശ്രദ്ധേയമായ ഒരു കാര്യം, കേരള സാങ്കേതിക സർവകലാശാല സിലബസ് പുതുക്കിയപ്പോൾ സംരംഭകത്വവും ഇത്തരം കാര്യങ്ങളും സിലബസിന്റെ ഭാഗമാക്കിയെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. അതിന് ഉന്നത വിദ്യാഭ്യാസ വകുപ്പിനെ പ്രത്യേകമായി ഈ സന്ദർഭത്തിൽ അഭിനന്ദിക്കുന്നു. എല്ലാ വകുപ്പുകളും ചേർന്ന് സ്റ്റാർട്ട് അപ്പ് സംവിധാനത്തെ മെച്ചപ്പെടുത്താൻ കഴിയും. നമ്മുടെ ചെറുപ്പക്കാർ നല്ല കഴിവുള്ളവരാണ്. ആ കഴിവുകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് വിജ്ഞാന അധിഷ്ഠിത വ്യവസായങ്ങളുടെ കാര്യത്തിൽ മുന്നേറാൻ ഈ സംവിധാനം സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഈ രംഗത്ത് പുതിയ സാധ്യതകൾ പ്രയോജനപ്പെടുത്താൻ ഗവൺമെന്റ് ശ്രമിക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറയുകയുണ്ടായി. കേരളത്തിൽ സ്റ്റാർട്ട് അപ്പുകളുടെ എണ്ണം വർദ്ധിച്ചുവരുന്നുവെന്നത് ഏറ്റവും അഭിമാനകരമായ കാര്യമാണ്. ഈയൊരു പശ്ചാത്തലത്തിൽ സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ കമ്പനികൾക്ക് നിയോജകമണ്ഡലാടിസ്ഥാനത്തിൽ എങ്ങനെയാണ് കൂടുതൽ

പുരോഗതിയിലേയ്ക്ക് എത്താൻ കഴിയുന്നത് എന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ? കേരളത്തിൽ ടെക്സ്റ്റൈൽ ടെക്നോളജിയുടെ കോളേജില്ല. കേരളം വളരെയേറെ പുരോഗതി കൈവരിക്കുമ്പോഴും ടെക്സ്റ്റൈൽ ടെക്നോളജി രംഗത്ത് പഠിക്കുന്നതിനായി മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും രാജ്യങ്ങളിലേയ്ക്കും പോകേണ്ടിവരികയാണ്. കേരളം ഇത്രയും വളർച്ച കൈവരിച്ച് നിൽക്കുന്ന ഈ കാലഘട്ടത്തിൽ ബി.ടെക് പോലെയുള്ള കോഴ്സുകൾ പഠിക്കാൻ, വിദ്യാർഥികൾക്ക് പുതിയ സാധ്യതകൾ നൽകാൻ കഴിയുന്ന വിധത്തിൽ സംരംഭക കോഴ്സുകൾ ആരംഭിക്കുന്ന കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട പി. ജെ. ജോസഫ് ചോദിക്കുകയുണ്ടായി. കോട്ടയം ടെക്സ്റ്റൈൽസിന്റെ പ്രവർത്തനം സംബന്ധിച്ച് ഇന്നലെ ഞാൻ സബ്മിഷൻ ഉന്നയിച്ചിരുന്നു. കോട്ടയം ടെക്സ്റ്റൈൽസ് അടച്ചുപൂട്ടിയിട്ടിരിക്കുകയാണ്. അതിന് 25 ഏക്കറോളം സ്ഥലമുണ്ട്. കേരളത്തിൽ ടെക്സ്റ്റൈൽ ടെക്നോളജിയുടെ കോളേജ് (ബി.ടെക് കോഴ്സുകളുൾപ്പെടെ പഠിക്കാൻ കഴിയുന്ന വിധത്തിലുള്ള കോളേജ്) ആരംഭിക്കുന്നതിനുള്ള സാധ്യത ഗവൺമെന്റ് പരിശോധിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാനപ്പെട്ട അംഗം ഒരു ഉപചോദ്യത്തിനകത്ത് നാല് ചോദ്യങ്ങൾ വിദഗ്ധമായി വിളക്കി ചേർത്തിട്ടുണ്ട്. ടെക്സ്റ്റൈൽ ടെക്നോളജി കോഴ്സുകൾ സംബന്ധിച്ച വിഷയം എന്റെ വകുപ്പിനുകീഴിൽ വരുന്നതല്ലെങ്കിൽപ്പോലും വ്യവസായത്തിലെ 22 പ്രയോരിറ്റി സെക്ടറിനകത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്. കാരണം നമ്മുടെ നാട്ടിലെ ചെറുപ്പക്കാർക്ക് ജോലി നൽകാൻ കഴിയുന്ന സംരംഭങ്ങളായിരിക്കണം കേരളത്തിലുണ്ടാകേണ്ടത്. ഗാർമെന്റ് ഇൻഡസ്ട്രി വന്നാൽ അതിനകത്ത് 98-99% വരെ മൈഗ്രന്റ് ലേബറായിരിക്കും. കേരളത്തിലെ ചെറുപ്പക്കാർക്ക് ഉയർന്ന ശമ്പളം ലഭിക്കുന്ന തൊഴിൽ സാധ്യതകളാണ് ആവശ്യമായിട്ടുള്ളത്. അങ്ങനെയാണ് 22 പ്രയോരിറ്റി സെക്ടറുകൾ കണ്ടെത്തിയത്. വ്യവസായ നയം, സ്റ്റാർട്ട് അപ്പുകൾക്ക് പ്രത്യേകമായ പരിഗണന നൽകുന്നുണ്ട്. ഓരോ നിയോജകമണ്ഡലത്തിലും സംരംഭക വർഷത്തിന്റെ ഭാഗമായി സംവിധാനമുണ്ടായിരുന്നു. തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് സെപ്റ്റംബർ മാസത്തിൽ എല്ലാ പഞ്ചായത്തിലും ഗ്രാമസഭയുടെ മോഡലിൽ 'സംരംഭക സഭ' ആരംഭിക്കുന്നതിനെ സംബന്ധിച്ചാണ് നിലവിൽ സർക്കാർ

ആലോചിക്കുന്നത്. ആ പഞ്ചായത്തിലുള്ള സംരംഭകർക്കെല്ലാം ആ സഭയിൽ പങ്കെടുക്കാം. പഞ്ചായത്ത്, വ്യവസായം എന്നീ വകുപ്പുകളും വ്യവസായവുമായി ബന്ധപ്പെട്ട മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥരുംകൂടി ആ സഭയിൽ പങ്കെടുത്താൽ സംരംഭകത്വത്തിന് ഒന്നുകൂടി ആത്മവിശ്വാസം നൽകാൻ സഹായിക്കും. അങ്ങ് പറഞ്ഞതുപോലെ, കോട്ടയം ടെക്സ്റ്റൈൽസ് ഉൾപ്പെടെയുള്ളവയുടെ ബാക്കിയുള്ള സ്ഥലത്തെ നല്ല രീതിയിൽ ഐ.ടി. വ്യവസായങ്ങൾക്ക്, എ.ഐ., എൻ.ഐ.ഐ. എന്നീ പുതിയ തലമുറ വ്യവസായങ്ങൾക്ക് സ്ഥലലഭ്യത കുറവുണ്ട്. അത് പരിഹരിക്കുന്നതിനായി ഇത്തരം സ്ഥലങ്ങൾ വിനിയോഗിക്കുന്നത് സംബന്ധിച്ച് പരിശോധിക്കാം.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, കേരളം സംരംഭക സൗഹാർദ്ദമാണെന്ന് ഗവൺമെന്റ് അവകാശപ്പെടുമ്പോഴും 2022-23, 2023-24 സാമ്പത്തിക വർഷത്തിൽ മുപ്പതിനായിരത്തോളം പുതിയ സംരംഭകർ അവരുടെ പ്രവർത്തനം അവസാനിപ്പിച്ചിരിക്കുകയാണ്. ഇത് ഒട്ടും ആശാസ്യമായ കാര്യമല്ല. ഇത് എന്തുകൊണ്ടാണെന്ന് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ; ഇത്തരത്തിലുള്ള

കൊഴിഞ്ഞുപോക്കിന് തടയിടുന്നതിനായി എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. പി. രാജീവ്: സർ, രാജ്യത്ത് എം.എസ്.എം.ഇ.-കളുടെ ആദ്യവർഷത്തെ മോർട്ടാലിറ്റി റേറ്റ് 30% ആണ്. എം.എസ്.എം.ഇ.-കൾ തുടങ്ങിയാൽ ആദ്യവർഷംതന്നെ 30 ശതമാനം പൂട്ടിപോകുമെന്നതാണ് രാജ്യത്തിന്റെ മോർട്ടാലിറ്റി റേറ്റ്. കേരളത്തിൽ ആദ്യത്തെ വർഷം സംരംഭക വർഷം നടത്തിയതിനുശേഷം പഞ്ചായത്തുകളിലെല്ലാം ഇന്റേൺസ് ആയിരുന്നു ഉണ്ടായിരുന്നത്. നിലവിൽ അവർ എക്സിക്യൂട്ടീവാണ്. ഒരു പഞ്ചായത്തിൽ ഒരാളുണ്ട്. മുനിസിപ്പാലിറ്റി, കോർപ്പറേഷനിൽ 20 ഡിവിഷൻ വാർഡിന് ഒരാൾ വീതമാണുള്ളത്. അവരെല്ലാം ഈ സംരംഭങ്ങൾ സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ ജിയോ ടാഗിംഗും സർവെയും നടത്തി. ആദ്യവർഷം 15% ആണ് പൂട്ടിപ്പോയിട്ടുള്ളത്. അതിൽത്തന്നെ 450 ഓളം വരുന്ന സംരംഭങ്ങൾക്ക് സർവെയുടെയും ഇടപെടലിന്റെയും ഭാഗമായി ഒന്നുകൂടി ജീവൻ നൽകാൻ കഴിഞ്ഞിട്ടുണ്ട്. ആരംഭിക്കുന്ന എല്ലാ സംരംഭങ്ങളും മുന്നോട്ടുപോകുമെന്ന് പറയാൻ സാധിക്കില്ല. എന്തെല്ലാം കാരണങ്ങളുണ്ടെന്നും സർവെയിൽ

പരിശോധിച്ചു. ചിലത് ബേക്കറി സ്ഥാപനങ്ങളായിരിക്കും, അതിൽ ജോലി ചെയ്യുന്നത് പുറത്തുള്ള ആളുകളായിരിക്കും. അവർ പോകുമ്പോൾ ആ സ്ഥാപനം അടയ്ക്കേണ്ടതായിവരും. മറ്റ് ചിലതിന് പ്രാദേശികമായ ബുദ്ധിമുട്ടുകളായിരിക്കും. അത്തരത്തിലുള്ള പല പ്രശ്നങ്ങളുമുണ്ട്. പഞ്ചായത്തിൽ കൂടുതൽ സംരംഭങ്ങളാണ് വരുന്നത്. അതിനെ നിയന്ത്രിക്കുന്നതിനാവശ്യമായ മാറ്റം വേണമെന്ന് ബഹുമാനപ്പെട്ട അംഗംതന്നെ ഇവിടെ ചൂണ്ടിക്കാണിച്ചു.

ശ്രീ. അനൂപ് ജേക്കബ്: സർ,........(മൈക്ക് ഓഫ്) അങ്ങ് തെറ്റിദ്ധരിക്കരുത്. ഓറഞ്ച് കാറ്റഗറിയിൽ വരുന്ന വ്യവസായങ്ങളെക്കുറിച്ചാണ് പറഞ്ഞത്......

ശ്രീ. പി. രാജീവ്: സർ, ഓരോ പ്രദേശത്തിനും അനുയോജ്യമായ കാറ്റഗറിയിലുള്ള സ്ഥാപനമാണ് വരുന്നത്. നല്ല രീതിയിൽത്തന്നെയാണ് സ്ഥാപനങ്ങൾ വരുന്നത്. അങ്ങ് പറഞ്ഞതുപോലെ, മോർട്ടാലിറ്റി റേറ്റ് കുറയ്ക്കുന്നതിനുള്ള ഇടപെടൽ സംരംഭകസഭ കൂടി വരുമ്പോൾ പഞ്ചായത്തുകളുടെയും മറ്റ് സംവിധാനങ്ങളുടെയും പിന്തുണ കുറച്ചുകൂടി ലഭിക്കും. അത് തടയുന്നതിനുവേണ്ടി സർക്കാർ എം.എസ്.എം.ഇ. ക്ലിനിക് എല്ലാ ജില്ലാ

കേന്ദ്രങ്ങളിലും ആരംഭിച്ചിട്ടുണ്ട്. ഒരു സംരംഭത്തിന് സാമ്പത്തികമോ ടെക്നിക്കലോ മാർക്കറ്റിംഗോ മാനേജ്മെന്റുപരമോ ആയ എന്തെങ്കിലും തരത്തിലുള്ള രോഗലക്ഷണങ്ങൾ കണ്ടാൽ ടി ക്ലിനിക്കിലേയ്ക്ക് പോകാം. അവിടെ പാനൽ ഓഫ് എക്സ്പെർട്ട്സും പാനൽ ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസുമുണ്ട്. അവർക്ക് റെമ്യൂണറേഷൻ ഗവൺമെന്റ് നൽകും. അവർ ആവശ്യമായ അഡ്വൈസ് നൽകും. ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ്, ജി.എസ്.ടി. റിട്ടേൺസ് എന്നിവ തയ്യാറാക്കാൻ പലർക്കും അറിയില്ല. അതിന് സി.എ. (ചാർട്ടേർഡ് അക്കൗണ്ടന്റ്)-യുടെ പ്രൊഫഷണൽ സംഘടനയായ ഐ.സി.എ.ഐ.-യുമായി ചേർന്ന് എല്ലാ ജില്ലകളിലും സൗജന്യ ക്ലിനിക് ആരംഭിച്ചിട്ടുണ്ട്. ആദ്യത്തെ ഒരു വർഷം പൂർണ്ണമായും സൗജന്യമാണ്. സി.എ. ഉദ്യോഗസ്ഥർ ഇതിനാവശ്യമായ സപ്പോർട്ട് നൽകും. അത്തരത്തിലുള്ള ഇക്കോ സിസ്റ്റം ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇത് പരാമാവധി കുറയ്ക്കുന്നതിന് സർക്കാർ ഇനിയും ശ്രമിക്കുന്നതാണ്.

ശ്രീ. മാണി സി. കാപ്പൻ: സർ, സംസ്ഥാനത്ത് കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ രൂപം നൽകുന്ന സ്റ്റാർട്ട് അപ്പ് വില്ലേജിൽ സംരംഭകർക്ക്

കെ.എസ്.ഐ.ഡി.സി. ലോണും സബ്സിഡിയും നൽകാൻ തീരുമാനമെടുത്തിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, സ്റ്റാർട്ട് അപ്പ് വില്ലേജ് കെ.എസ്.ഐ.ഡി.സി. സംഘടിപ്പിക്കുന്നില്ല. പക്ഷേ സ്റ്റാർട്ടപ്പുകൾക്ക് നിരവധി തരത്തിലുള്ള പിന്തുണ സർക്കാർ നൽകുന്നുണ്ട്. അതിൽ പ്രധാനപ്പെട്ട സ്കീമുകളെക്കുറിച്ച് നേരത്തെ സൂചിപ്പിച്ചു. സംസ്ഥാന സർക്കാർ വ്യവസായ നയത്തിന്റെ ഭാഗമായി 18 പുതിയ ഇൻസെന്റീവ് സ്കീമുകൾ നടപ്പിലാക്കിയിട്ടുണ്ട്. അതിൽ സ്കെയിൽ അപ്പിന് കൂടുതൽ ഉന്നതിയിലേക്ക് പോകാനുള്ള പിന്തുണ സാമ്പത്തികമായി നൽകുന്ന സ്കെയിൽ ഓഫ് ഇൻസെന്റീവ് ഫോർ സ്റ്റാർട്ട് അപ്പ് എന്ന പദ്ധതിയുണ്ട്. വിദ്യാർത്ഥികളുടെയും യുവസംരംഭകരുടെയും നൂതനവും വ്യാപാരയോഗ്യവുമായ സംരംഭങ്ങൾ, മിനിമം വയബിൾ പ്രോഡക്ട് വികസിപ്പിച്ച് മാർക്കറ്റിലിറക്കുന്ന സ്റ്റാർട്ട് അപ്പ് കമ്പനികൾക്ക് അവരുടെ പദ്ധതികൾ വിപുലീകരിക്കാനും മാർക്കറ്റ് വികസിപ്പിക്കാനും മാസ് പ്രൊഡക്ഷനും കെ.എസ്.ഐ.ഡി.സി. ഈ സ്കെയിൽ ഓഫ് സപ്പോർട്ട് നൽകുന്നുണ്ട്. ഒരു കോടി രൂപ വരെയാണ് പരമാവധി ഇതിനുവേണ്ടി നൽകുന്നത്. ഇതുകൂടാതെ R&D-ക്കുവേണ്ടി

സർവകലാശാലകളിൽ ഉന്നതവിദ്യാഭ്യാസത്തിന്റെ മേഖലയായ ഗവേഷണ വികസനത്തിലേർപ്പെട്ടിരിക്കുന്ന യൂണിറ്റുകൾക്ക് വ്യവസായ വകുപ്പുതന്നെ 20 ശതമാനം കെ.എസ്.ഐ.ഡി.സി.-യുടെ ധനസഹായം നൽകുന്നുണ്ട്. ഒരു കോടി രൂപവരെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഈ സ്റ്റാർട്ട് അപ്പുകൾക്ക് നൽകുന്നുണ്ട്. ഇന്റലക്ച്വൽ പ്രോപ്പർട്ടി ക്രിയേഷന് ഈ സ്കീമിനുകീഴിൽ പാറ്റന്റ്, ഇൻഡസ്ട്രിയൽ ഡിസൈൻ, വ്യാപാര മുദ്ര, ട്രേഡ് മാർക്ക്, കോപ്പിറൈറ്റ് എന്നിവ നേടിയെടുക്കാൻ ഭൗതിക സ്വത്തവകാശം സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തന ചെലവിന്റെ 50 ശതമാനം പരമാവധി 30 ലക്ഷം രൂപവരെ നൽകുന്നുണ്ട്. ഇൻസെന്റീവ് ഫോർ പാർട്ടിസിപ്പേഷൻ ഇൻ ട്രേഡ് ഫെയറിൽ പ്രദർശിപ്പിക്കാനാവശ്യമായ സ്റ്റാളുകളുടെ ചാർജ്ജുകൾക്ക് 100 ശതമാനംവരെ റീ-ഇമ്പേഴ്സ്മെന്റ് നൽകുന്നുണ്ട്. ഐ.പി.ഒ. വഴിയാണ് ഇതിന്റെയെല്ലാം മൂലധനം കൂടുതലായി വരുന്നത്. അതിനുവേണ്ടി എസ്.എം.ഇ. പ്ലാറ്റ്ഫോം വഴിയുള്ള ഫ്ലോട്ടിംഗ് പബ്ലിക് ഇഷ്യൂവിന്റെ ചെലവുകളുടെ 50 ശതമാനം തുക അതായത് ഒരു കോടി രൂപവരെ സർക്കാർ നൽകുന്നുണ്ട്.

ശ്രീ. എ. രാജ: സർ, പൊതുവിൽ ഐ.ടി. സ്ഥാപനങ്ങൾക്കാണ് സ്റ്റാർട്ട് അപ്പ് മിഷൻവഴി കൂടുതൽ സഹായങ്ങൾ നൽകുന്നതായി കാണുന്നത്. ഐ.ടി. ഇതര സ്ഥാപനങ്ങൾക്ക് സ്റ്റാർട്ട് അപ്പ് വഴി കൂടുതൽ സൗകര്യങ്ങൾ നൽകുന്നതിനായി ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. രാജീവ്: സർ, സ്റ്റാർട്ട് അപ്പുകൾ എന്ന സംവിധാനം പുതുതായിവന്ന ഘട്ടത്തിൽ അതെല്ലാം ഐ.ടി. റിലേറ്റഡായ കാര്യങ്ങളിലാണ് പരിമിതപ്പെട്ടിരുന്നത്. ഇപ്പോൾ അങ്ങനെയല്ല, എല്ലാ മേഖലകളിലും സ്റ്റാർട്ട് അപ്പുകളുണ്ട്. ഫിനാൻസ്, ഹെൽത്ത്, മാനുഫാക്ച്ചറിംഗ് എന്നീ രംഗങ്ങളിലെല്ലാം സ്റ്റാർട്ട് അപ്പുകളുണ്ട്. ആദ്യഘട്ടത്തിൽ ഈ സഹായങ്ങളെല്ലാംതന്നെ ഐ.ടി. ബേസ്ഡായിട്ടുള്ള സ്റ്റാർട്ട് അപ്പുകൾക്കായിരുന്നു ലഭിച്ചിരുന്നത്. സാമ്പത്തികമായ പിന്തുണ, മാർക്കറ്റിംഗിനുള്ള പിന്തുണ തുടങ്ങി എന്തെല്ലാം തരത്തിലുള്ള ആനുകൂല്യങ്ങളാണോ നിലവിൽ ഐ.ടി. അധിഷ്ഠിതമായ സ്റ്റാർട്ട് അപ്പുകൾക്ക് ലഭിക്കുന്നത് അതേ പിന്തുണതന്നെ ഐ.ടി. ഇതര സ്റ്റാർട്ട് അപ്പുകൾക്കും നൽകാനുള്ള ഉത്തരവും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കുണ്ടറയിൽ ടെക്നോപാർക്കുണ്ട്. അതുപോലെ ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജ് വളര പ്രധാനപ്പെട്ട വിദ്യാഭ്യാസ സ്ഥാപനമാണ്. ഐ.എസ്.ആർ.ഒ. ചെയർമാൻ ശ്രീ. സോമനാഥ് അടക്കം അവിടത്തെ പൂർവ്വ വിദ്യാർത്ഥികളാണ്. സിറാമിക്സ്, അലിൻഡ് തുടങ്ങിയ വ്യവസായ വകുപ്പിന്റെ സ്ഥാപനങ്ങളുടെ എക്സസ് ലാൻഡ് ധാരാളം അവിടെയുണ്ട്. ടെക്നോപാർക്ക്, ടി.കെ.എം. എഞ്ചിനീയിറിംഗ് കോളേജ് പോലെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യവസായ വകുപ്പിന്റെ സംരംഭങ്ങൾ എന്നിവയെയും പ്രതിഭാശാലികളായ നൂതനമായ ആശയങ്ങളുള്ള കുട്ടികളെയുംകൂടി യോജിപ്പിച്ചുകൊണ്ട് മിനി സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം നൽകുന്ന ഒരു ഇൻഡസ്ട്രിയൽ പാർക്ക് കുണ്ടറയിൽ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉപയോഗമില്ലാതെ കിടക്കുന്ന ഭൂമി വ്യവസായ ആവശ്യങ്ങളുടെ വിനിയോഗത്തിനുവേണ്ടി എടുക്കുകയെന്നുള്ള കാഴ്ചപ്പാട് നേരത്തെ പ്രഖ്യാപിച്ചതാണ്. അതിൽ ആദ്യം വന്ന പ്രശ്നം, കിഫ്ബിയിൽനിന്നുള്ള

വായ്പയ്ക്ക് ഒമ്പത് ശതമാനം പലിശ അവർ ഈടാക്കുമ്പോൾ അതുകൂടി വാങ്ങി വയബിളായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്തൊരു സാഹചര്യം വന്നിട്ടുണ്ട്. അത് ബഹുമാന്യനായ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് എങ്ങനെയാണോ മറ്റ് രൂപത്തിൽ കൊണ്ടുപോകാൻ കഴിയുന്നതെന്ന് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ ഭൂമിയുടെ ലഭ്യതയാണ് വ്യവസായ വികസനത്തിനുള്ള പ്രധാനപ്പെട്ട തടസ്സമായി നിൽക്കുന്നത്. എന്നാൽ ലഭ്യമായ ഭൂമി ശാസ്ത്രീയമായി വിനിയോഗിക്കാൻ ഇക്കാര്യങ്ങൾ സർക്കാർ മുന്നോട്ടുകൊണ്ടുപോകാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. ടെക്നോപാർക്ക് ടു കൊല്ലം ഐ.ടി. കോറിഡോർ, കൊച്ചി-ടു-കൊരട്ടി, കൊച്ചി ടു ചേർത്തല, കോഴിക്കോട് ടു കണ്ണൂർ ഐ.ടി. കോറിഡോറുകൾക്ക് ആവശ്യത്തിന് സ്ഥലമില്ല. അതിന് വലിയ ഡിമാന്റാണ് ഇപ്പോഴുള്ളത്. ഇതെല്ലാം പരിഗണിച്ചുകൊണ്ട് വ്യവസായ വകുപ്പിന്റെ സ്ഥലവും ഇത്തരം കാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. പ്രമോദ് നാരായൺ: സർ, വിസ്മയിപ്പിക്കുന്ന ആശയങ്ങളുമായി കടന്നുവരുന്ന യുവ സംരംഭകരിൽ പലർക്കും തങ്ങളുടെ ഉൽപന്നങ്ങളുടെ യൂസ് ഫീസനുസരിച്ചുള്ള ഇഫക്ടീവ് ബ്രാൻഡിംഗ് സ്ട്രാറ്റജിയും റവന്യൂ ജനറേഷന്റെ കാര്യത്തിൽ സുസ്ഥിരത കൈവരിക്കാൻ കഴിയുന്ന ഫിനാൻഷ്യൽ മെൻഡർഷിപ്പും ഇല്ലായെന്ന് തോന്നാറുണ്ട്. ഈ രണ്ട് കാര്യങ്ങളിലും ഫലപ്രദമായ മെൻഡർഷിപ്പ് നൽകാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുമായി ബന്ധപ്പെട്ടുള്ള പിന്തുണകളാണ് പറഞ്ഞിട്ടുള്ളത്. ഏഴ് വർഷംമുമ്പ് ജെൻ റോബോട്ടിക്സ് എന്ന സ്ഥാപനം ഒരു ചെറിയ റോബോട്ടാണ് ഉണ്ടാക്കിയത്. കോഴിക്കോട് ജില്ലയിൽ നൗഷാദും രണ്ട് അതിഥിത്തൊഴിലാളികളും മരണപ്പെട്ടപ്പോഴാണ് അവർ റോബോട്ടുണ്ടാക്കിയത്. അന്ന് അവർ മുഖ്യമന്ത്രിയെ കാണുകയും അവർക്ക് ടെക്നോപാർക്കിൽ ചെറിയൊരു സ്ഥലം കൊടുക്കുകയും ചെയ്തു. തിരുവനന്തപുരത്ത് കിൻഫ്രാ പാർക്കിൽ പ്രവർത്തിക്കുന്ന അവരുടെ കമ്പനിയിൽ ഇപ്പോൾ 400 പേർ ജോലി ചെയ്യുന്നുണ്ട്. അവരാണ് ഇപ്പോൾ കിംസ്, അമൃത, തിരുവനന്തപുരം ജനറൽ ആശുപത്രി

എന്നിവിടങ്ങളിലെല്ലാം സ്ട്രോക്ക് വന്നവരെ നടക്കാൻ സഹായിക്കുന്ന റോബോട്ട് വികസിപ്പിച്ചത്. പാലക്കാട് ജില്ലയിൽ അവരുടെ സ്ഥാപനത്തിന്റെ കല്ലിടൽ പരിപാടിയിൽ പങ്കെടുത്തപ്പോൾ, ഇവർക്ക് ഫണ്ട് നൽകിയ ആളുകൾ അവിടെയുണ്ടായിരുന്നു. അവർ പറഞ്ഞത്, ഞങ്ങൾ പോകുമ്പോൾ ഒരു മുറിയിൽ കാർഡ്ബോഡ് പെട്ടിയ്ക്ക് മുകളിലാണ് ഇവർ ഇരിക്കുന്നത്. ഇവരുടെ പ്രോഡക്ട് കൊള്ളാമെന്നറിഞ്ഞപ്പോൾത്തന്നെ ഇവർക്കാവശ്യമായ സാമ്പത്തിക പിന്തുണ നൽകുകയുണ്ടായി. അത് സ്ട്രീംലൈൻ ചെയ്യാനായി കെ.എസ്.ഐ.ഡി.സി.-യും നമ്മുടെ സംവിധാനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഇത്തരത്തിലുള്ള ഫണ്ടുകൾ അവർക്ക് ലഭിക്കുന്നതിന് നമ്മുടെ സഹായത്തോടൊപ്പംതന്നെ പ്രവർത്തിക്കുന്നുണ്ട്. ഏതായാലും നല്ല രീതിയിൽ ഇക്കാര്യങ്ങളിൽ ഇടപെടാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. ഇനിയും കൂടുതൽ പിന്തുണ സ്റ്റാർട്ട് അപ്പുകൾക്ക് നൽകണമെന്നുതന്നെയാണ് സർക്കാർ കരുതുന്നത്.

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, സ്റ്റാർട്ട് അപ്പ് വില്ലേജുകളുടെ രൂപകൽപ്പനയിൽ കുടുംബശ്രീയെ എങ്ങനെയാണ് ഉപയോഗപ്പെടുത്തുന്നത്?

ശ്രീ. പി. രാജീവ്: സർ, സ്റ്റാർട്ടപ്പ് വില്ലേജ് എന്നത് കൊച്ചിയിലാണുള്ളത്. അതിനോട് ചേർന്ന് നല്ലൊരു മേക്കർ വില്ലേജുമുണ്ട്. കുടുംബശ്രീ രംഗത്തും പുതിയ രീതിയിലുള്ള സംവിധാനങ്ങൾ വരുന്നുണ്ട്. സ്റ്റാർട്ട് അപ്പുകളുടെ മേഖലയ്ക്കുത്തുണ്ടോ എന്നുള്ളത് അവരുടെ വകുപ്പുമായി ആലോചിച്ചുകൊണ്ട്, അങ്ങനെ വരുന്നുണ്ടെങ്കിൽ അതിനാവശ്യമായ പിന്തുണയും ഈ സംവിധാനത്തിന്റെ സ്കീമുകളുടെ ഭാഗമായി നൽകുന്നതാണ്.

ശ്രീ. ടി. ജെ. വിനോദ്: സർ, കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിലുണ്ടാകുന്ന വിവിധ പദ്ധതികൾ എം.എസ്.എം.ഇ.-യുടേതുപോലെ നടപ്പാക്കുന്നതിനാവശ്യമായ സ്റ്റാഫ് കെ.എസ്.ഐ.ഡി.സി.-യിൽ ഇല്ലായെന്നുള്ള ആക്ഷേപമുണ്ട്. അത് പരിഹരിക്കാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ശ്രീ. പി. രാജീവ്: സർ, കെ.എസ്.ഐ.ഡി.സി.-യിൽ സ്റ്റാഫിന് ഷോർട്ടേജുള്ളതായി തോന്നുന്നില്ല. നിലവിലുള്ള സ്റ്റാഫിനെ കുറെക്കൂടി നന്നായി വിനിയോഗിക്കാനുള്ള രീതിയിലേയ്ക്ക് പോകണം. അവർക്കെല്ലാം ടാർജറ്റുകൾ കൊടുക്കണം, പെർഫോർമൻസ് അടിസ്ഥാനമാക്കിയുള്ള പ്രൊമോഷൻ

സംവിധാനത്തിലേയ്ക്കുവരണം എന്ന കാഴ്ചപ്പാടുകളാണ് സർക്കാരിനുള്ളത്. ഇതുകൂടാതെ ഇൻവെസ്റ്റ്മെന്റ് ആകർഷിക്കുന്നതിനുവേണ്ടി പ്രത്യേകമായ ടീമിനെ സർക്കാർ ചുമതലപ്പെടുത്തുന്നുണ്ട്. ഓരോ മേഖലയിലും 22 പ്രയോരിറ്റി സെക്ടറുകൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള പരിപാടികൾ ആലോചിച്ചിട്ടുണ്ട്. ഇൻവെസ്റ്റേഴ്സ് മീറ്റുപോലെയുള്ള കാര്യങ്ങൾക്ക് നല്ല രീതിയിൽ കെ.എസ്.ഐ.ഡി.സി. ടീം ഇപ്പോൾ വർക്ക് ചെയ്യുന്നുണ്ട്. അവർ ഉള്ള വിഭവശേഷിയെ നന്നായി വിനിയോഗിക്കുന്നത് കൂടാതെ ഓരോ മേഖലയിലും സവിശേഷമായ കഴിവുകളുള്ള ആളുകളെയും ഇത്തരം കാര്യങ്ങൾക്ക് താൽക്കാലികമായി ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്.

ശ്രീ. വി. കെ. പ്രശാന്ത്: സർ, സ്റ്റാർട്ട് അപ്പ് രംഗത്ത് ഏറ്റവും മികച്ച നിലയിലാണ് മുന്നോട്ടുപോകുന്നത്. അതിന്റെ ഭാഗമായി സംസ്ഥാന സർക്കാരും ഐ.ബി.എം.-ഉം സംയുക്തമായി രാജ്യത്തെ ആദ്യത്തെ ജനറേറ്റീവ് ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ് കോൺക്ലേവ് സംഘടിപ്പിക്കുന്നതിന്റെ ലക്ഷ്യങ്ങളിൽ വ്യവസായ രംഗത്തും സ്റ്റാർട്ട് അപ്പുകൾക്കും പ്രത്യേകമായി ലഭിക്കാൻ സാധ്യതയുള്ള അവസരങ്ങളെക്കുറിച്ച് വിശദമാക്കുമോ?

ശ്രീ. പി. രാജീവ്: സർ, നമുക്ക് അഭിമാനിക്കാവുന്ന രൂപത്തിലുള്ള കോൺക്ലേവാണ് ഈ മാസം 11, 12 തീയതികളിൽ കൊച്ചിയിൽ നടക്കുന്നത്. ജനറേറ്റീവ് ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ ഇന്ത്യയിൽ നടക്കുന്ന ആദ്യത്തെ കോൺക്ലേവാണ്. ട്രഡീഷണൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ കോൺക്ലേവുകളും കോൺഫറൻസുകളുമൊക്കെ നടന്നിട്ടുണ്ടെങ്കിലും കുറെക്കൂടി ഇമാജിനേറ്ററിയായിട്ടുള്ള ഉൽപന്നങ്ങൾ നൽകാൻ കഴിയുന്ന സാങ്കേതികവിദ്യയാണ് ജനറേറ്റീവ് ആർട്ടിഫിഷ്യൽ ഇന്റലിജൻസിലുള്ളത്. അതിന്റെ കോൺക്ലേവിൽ ഏറ്റവും പ്രധാനപ്പെട്ടത് ലോകോത്തര കമ്പനിയായ ഐ.ബി.എം.-മായി ചേർന്നാണ് സംഘടിപ്പിക്കുന്നത്. 1200 പ്രതിനിധികളെയാണ് ഉദ്ദേശിച്ചതെങ്കിൽ വെബ്സൈറ്റ് തുറന്ന് കുറച്ചുദിവസങ്ങൾക്കകം 3000-ത്തിലധികം രജിസ്ട്രേഷൻ വന്നതിനാൽ ഐ.ബി.എം.-നും കെ.എസ്.ഐ.ഡി.സി.-ക്കും അത് ക്ലോസ് ചെയ്യേണ്ട സാഹചര്യമുണ്ടായി. അതിനുമുമ്പ് സെലക്ട് ചെയ്തയാളുകൾക്ക് ലൈവ് സ്ട്രീം നൽകുന്നുണ്ട്. വിദ്യാർത്ഥികൾ, റിസർച്ച് സ്കോളേഴ്സ്, ഇൻഡസ്ട്രിയലിസ്റ്റുകൾ, സ്റ്റാർട്ട് അപ്പുകൾ, ഇൻവെസ്റ്റേഴ്സ്, ഗവൺമെന്റ് ഓഫീസേഴ്സ് എല്ലാവരും

ഒത്തുചേരുന്ന രണ്ടുദിവസത്തെ കോൺക്ലേവിൽ ഈ മേഖലയിലുള്ള ലോകോത്തര പ്രതിഭകൾ വരുന്നുണ്ട്. അതോടൊപ്പം സംരംഭകരും വരുന്നുണ്ട്. നമ്മുടെ കേരളത്തിന്റെ കുതിച്ചുചാട്ടത്തിന് കഴിയുന്ന മേഖലയാണ് ന്യൂ ടെക്നോളജി. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, ബ്ലോക്ക്ചെയിൻ ടെക്നോളജി, ബിഗ് ഡാറ്റ അനാലിസിസ്, റോബോട്ടിക്സ് തുടങ്ങിയ പുതിയ ടെക്നോളജി അധിഷ്ഠിതമായ വ്യവസായങ്ങൾക്ക് അധികം സ്ഥലം വേണ്ട, പൊല്യൂഷനില്ല, നമ്മുടെ മാനവവിഭവശേഷിയും ഉപയോഗിക്കാൻ കഴിയും. ഉയർന്ന ശമ്പളവും കിട്ടുന്നതാണ്. അതിന് കഴിയുന്നൊരു കുതിപ്പിന് ഈ കോൺക്ലേവ് സഹായകരമായിരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, സ്റ്റാർട്ട് അപ്പുകൾക്കും എന്റർപ്രണർഷിപ്പിനും പ്രോത്സാഹനം നൽകുന്നതിനുവേണ്ടിയുള്ള കോമൺ വർക്ക് സ്പെയിസ് പുതിയൊരു ട്രെൻഡായി മാറുന്ന ഈ കാലഘട്ടത്തിൽ കോമൺ വർക്ക് സ്പെയിസ് പരമാവധി സ്ഥലങ്ങളിൽ അനുവദിക്കുമെന്നും അതിനുള്ള സപ്പോർട്ട് ലഭ്യമാക്കുമെന്നും സർക്കാർ നേരത്തെ പ്രഖ്യാപിച്ചിരുന്നു.

അതുസംബന്ധിച്ച് തുടർനടപടികളായിട്ടുണ്ടോ; അതിനുള്ള സാധ്യതകൾ എന്തൊക്കെയാണ്?

ശ്രീ. പി. രാജീവ്: സർ, നേരത്തെ പ്രധാന ഉത്തരത്തിൽ സൂചിപ്പിക്കുകയുണ്ടായി, കെ.എസ്.ഐ.ഡി.സി.-യിൽത്തന്നെ ബിസിനസ് സെന്ററുകൾ ഇതിനാവശ്യമായ സൗകര്യങ്ങൾ നൽകുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കോമൺ വർക്ക് സ്പേസുകൾക്ക് നമുക്കിപ്പോൾ സ്ഥലം ലഭ്യമല്ല. അതുകൊണ്ട് പലരും പ്രത്യേക ടവറുകളിലും ബിൽഡിംഗുകളിലും ഇത്തരത്തിലുള്ള സീറ്റുകൾ പ്രൊവൈഡ് ചെയ്യുന്നുണ്ട്. ഇക്കാര്യത്തിലും സർക്കാർ ആവശ്യമായിട്ടുള്ള പിന്തുണ നൽകുന്ന സമീപനം സ്വീകരിക്കുന്നുണ്ട്.

ശ്രീ. ഇ. കെ. വിജയൻ: സർ, മെയ്ഡ് ഇൻ കേരള ബ്രാൻഡ് എന്ന ആശയത്തിന് പ്രോത്സാഹനം നൽകാനും കേരളാ ബ്രാൻഡ് ഉൽപ്പന്നങ്ങൾക്ക് ക്വാളിറ്റി അഷ്വറൻസ് സർട്ടിഫിക്കറ്റുകൾ നേടിയെടുക്കുന്നതിനും കെ.എസ്.ഐ.ഡി.സി. മുഖേന എന്തൊക്കെയാണ് ചെയ്യുന്നത്?

ശ്രീ. പി. രാജീവ്: സർ, 'മെയ്ഡ് ഇൻ കേരള' എന്ന പദ്ധതി കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിക്കുകയുണ്ടായി. അതിന്റെ മറ്റ് നടപടികളിലേക്ക്

പോകുന്നതേയുള്ളൂ. എങ്കിലും  കേരള ബ്രാൻഡ് എന്ന ആശയം വ്യവസായ വകുപ്പ് മുന്നോട്ടുവയ്ക്കുന്നുണ്ട്. കേരള ബ്രാൻഡ് എന്നുപറഞ്ഞാൽ ലോകത്തിനുമുന്നിൽ കേരളത്തിന് പ്രത്യേകമായ സ്വീകാര്യതയുണ്ട്. ആ സ്വീകാര്യതയെ നമ്മുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിന് സഹായകരമായി ഉപയോഗിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ആദ്യഘട്ടമായി വെളിച്ചെണ്ണയ്ക്കാണ് ആദ്യത്തെ പ്രോട്ടോക്കോൾ. എന്തെല്ലാം സർട്ടിഫിക്കറ്റുകളാണ് പ്രധാനമായും ഇത്തരം ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് ഔദ്യോഗികമായി ആവശ്യമായത്, ആ സർട്ടിഫിക്കറ്റുകൾ ലഭിച്ചുകഴിഞ്ഞാൽ നമ്മുടെ ഒരു ക്രൈറ്റീരിയയുണ്ട്. ആ ക്രൈറ്റീരിയ ട്രാൻസ്പരന്റായി എല്ലാവർക്കും ലഭ്യമാണ്. ആ ക്രൈറ്റീരിയ കൂടി നോക്കിക്കൊണ്ട്, ഒരു കമ്മിറ്റി കേരള ബ്രാൻഡ് എന്നുള്ളതിന് 'നന്മ' എന്നൊരു ലോഗോ അംഗീകരിച്ചിട്ടുണ്ട്. ആ ബ്രാൻഡ് ഹോളോഗ്രാമിനകത്ത് ഇവർക്ക് നൽകുകയാണ്. ആദ്യത്തേത് വെളിച്ചെണ്ണയ്ക്കാണ് കൊടുക്കുന്നത്. വെളിച്ചെണ്ണയ്ക്ക് ലഭിച്ച അപേക്ഷകളെല്ലാം സ്ക്രൂട്ടിണൈസ് ചെയ്ത് സെലക്ട് ചെയ്ത് കഴിഞ്ഞിട്ടുണ്ട്. ഓരോ ഘട്ടമായി ഓരോ ഉൽപ്പന്നങ്ങളെയാണ് തിരഞ്ഞെടുക്കുന്നത്. കേരളാ ബ്രാൻഡ് ഗവൺമെന്റ്

സർട്ടിഫൈഡാണ്. അപ്പോൾ സേഫ് ടു ഈറ്റ് പദ്ധതിക്ക് മാർക്കറ്റിൽ കുറച്ചുകൂടി വാല്യൂ അഡിഷൻ കിട്ടും. കേരളത്തിനകത്തും പുറത്തും നമുക്കത് സഹായകരമായിരിക്കും. ആ പദ്ധതി സർക്കാർ മുന്നോട്ടുകൊണ്ടുപോകുന്നുണ്ട്.

ശ്രീമതി ശാന്തകുമാരി കെ.: സർ, വ്യവസായങ്ങൾക്ക് പറ്റിയ സംസ്ഥാനമല്ല കേരളമെന്ന് പറഞ്ഞവരുടെ വായടപ്പിച്ചുകൊണ്ടാണ് സ്റ്റാർട്ട് അപ്പ് മിഷനിലൂടെ ലോകത്തിലെ നമ്പർ വൺ വ്യവസായ സൗഹൃദ സംസ്ഥാനമായി നമ്മുടെ ഗവൺമെന്റ് കേരളത്തെ മാറ്റിയത് ഇച്ഛാശക്തി ഒന്നുകൊണ്ട് മാത്രമാണ്.

മി. സ്പീക്കർ: യെസ്... യെസ്... ചോദ്യത്തിലേക്ക് വരൂ.

ശ്രീമതി ശാന്തകുമാരി കെ.: സർ, നമ്മുടെ സംസ്ഥാനത്തിന്റെ സ്റ്റാർട്ട് അപ്പ് ആവാസ വ്യവസ്ഥ രാജ്യത്തിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം നടത്തിയിട്ടുണ്ടോ; അതോടൊപ്പംതന്നെ നമ്മുടെ ഇൻഡസ്ട്രിയൽ പോളിസിയിൽ സ്റ്റാർട്ട് അപ്പുകൾക്ക് കൊടുത്തുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ച് വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, ഇപ്പോൾ കേരളത്തിന് വ്യവസായ രംഗത്ത് കുറച്ചുകൂടി മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. അതിലൊരു പ്രധാനപ്പെട്ട പ്രശ്നം, കേരളത്തിൽ ഒരു സംരംഭം അടഞ്ഞാൽ ലോകത്ത് അറിയാത്ത ആരുമുണ്ടാകില്ല. കേരളത്തിൽ അമേരിക്കൻ കമ്പനിയായ വെൻഷ്വർ, ഡി.എസ്.പി.എസ്., മറ്റ് രൂപത്തിലുള്ള വൻകിട വിദേശ കമ്പനികൾ, സഫ്രോൺ എന്നിവ പ്രവർത്തനമാരംഭിച്ചു. ടാറ്റാ എൽക്സിയുടെ 65 മുതൽ 70 ശതമാനം ആളുകൾ കേരളത്തിലാണ് ജോലി ചെയ്യുന്നത്. ഇതൊന്നും കേരളത്തിലേക്ക് എത്തുകയില്ല. ലോകത്ത് എല്ലായിടത്തും ഒരു കമ്പനിയും ഇമ്മോർട്ടലായിട്ടില്ല. നോക്കിയ, ബ്ലാക്ക്ബെറി, ജെറ്റ് എയർവെയ്സ്, കിംഗ് ഫിഷർ തുടങ്ങിയ എത്രയോ കമ്പനികൾ പൂട്ടിയിട്ടുണ്ട്. ഇവിടെ ചെറിയൊരു പെട്ടിക്കട പൂട്ടിയാൽപ്പോലും ലോകമാകെ എല്ലാ ഭാഷയിലേക്കും നമ്മുടെ ആളുകൾതന്നെ എത്തിക്കും. എന്നാൽ വരുന്ന കാര്യങ്ങൾ എത്തിക്കുന്നതിൽ കുറവുമുണ്ട്. ഇപ്പോൾ അതിനൊരു മാറ്റം വന്നുതുടങ്ങിയിട്ടുണ്ട്. മാധ്യമങ്ങളും കുറച്ചുകൂടി പോസിറ്റീവായി വ്യവസായ മേഖലയിലെ മാറ്റങ്ങൾ നൽകാൻ തുടങ്ങിയിട്ടുണ്ട് എന്നുള്ളത് ഏറെ സന്തോഷകരമാണ്. സ്റ്റാർട്ട് അപ്പ് ആവാസ

വ്യവസ്ഥ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, കേന്ദ്ര സർക്കാരിന്റെ സ്റ്റാർട്ട് അപ്പ് റാങ്കിംഗിൽ 2018, 2019, 2020 എന്നീ വർഷങ്ങളിൽ നമ്മൾ ടോപ് പെർഫോർമറായിരുന്നു. 2022-ൽ വന്നപ്പോൾ ബെസ്റ്റ് പെർഫോർമറായി സ്റ്റാർട്ട് അപ്പ് സംവിധാനത്തെ തിരഞ്ഞെടുത്തുവെന്നത് അഭിമാനകരമാണ്. അതുപോലത്തന്നെ സ്റ്റാർട്ട് അപ്പ് ആവാസ വ്യവസ്ഥ അവലോകനം ചെയ്യുന്ന ആഗോള ഏജൻസിയായ സ്റ്റാർട്ട് അപ്പ് ജിനോമിന്റെ റിപ്പോർട്ട് പ്രകാരം 2019 മുതൽ 2021 വരെയുള്ള കാലഘട്ടവുമായി താരതമ്യം ചെയ്യുമ്പോൾ 2021 മുതൽ 2023 വരെയുള്ള കാലഘട്ടത്തിൽ 254 ശതമാനം കോമ്പൗണ്ട് ആനുവൽ ഗ്രോത്താണ് കേരളത്തിന്റെ സ്റ്റാർട്ട് അപ്പ് സംവിധാനത്തിൽ ഉണ്ടായതെന്നുള്ളതും ഏറെ അഭിമാനകരമാണ്. ഈ റിപ്പോർട്ട് പ്രകാരം സംസ്ഥാന സ്റ്റാർട്ട് അപ്പ് ആവാസ വ്യവസ്ഥയുടെ മൂല്യം 1.7 ബില്യൺ ഡോളർ, അതായത് 14181.47 കോടി രൂപയാണ്.

## കേരളാ ബാങ്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടികൾ

2 (*482) ശ്രീ. ആന്റണി രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് റാങ്കിംഗിൽ കേരള ബാങ്ക് സി-ഗ്രേഡിലേക്ക് താഴ്ന്നത് ബാങ്കിന്റെ പ്രവർത്തനങ്ങളെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) റിസർവ് ബാങ്കിന്റെ ഭവന വായ്പ സംബന്ധിച്ച പുതിയ വ്യവസ്ഥ പ്രകാരം കേരള ബാങ്കിന് ഉണ്ടാക്കാൻ കഴിയുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) കേരള ബാങ്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പുതുതായി നടപ്പിലാക്കാൻ തീരുമാനിച്ച വായ്പാ പദ്ധതികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, (എ) നബാർഡിന്റെ വാർഷിക പരിശോധനയുമായി ബന്ധപ്പെട്ട

സാധാരണ നടപടിക്രമം മാത്രമാണ് റേറ്റിംഗിൽ ഉണ്ടായിട്ടുള്ള മാറ്റം. ഈ റേറ്റിംഗ് വ്യത്യാസം 25 ലക്ഷത്തിൽ അധികം വരുന്ന വ്യക്തിഗത വായ്പകളെ മാത്രമേ ബാധിക്കുകയുള്ളൂ. നിലവിൽ ഇത്തരം വായ്പകൾ ബാങ്കിന്റെ ആകെ വായ്പയുടെ 3 ശതമാനം മാത്രമാണ്. ബാങ്ക് പ്രധാനമായും ലക്ഷ്യമിടുന്നത് MSME, Long Term Agriculture, സ്വർണ്ണ പണയ വായ്പ, ഭവന വായ്പ, സംഘം വായ്പ എന്നിവയ്ക്കാണ്. ഇത്തരം വായ്പകൾക്ക് നബാർഡ് റേറ്റിംഗ് ബാധകമല്ലാത്തതിനാൽ ഇപ്പോഴുള്ള റേറ്റിംഗ് വ്യത്യാസം ബാങ്കിന്റെ പ്രവർത്തനങ്ങളെ കാര്യമായി ബാധിക്കുന്നില്ല. 2023-24 സാമ്പത്തിക വർഷത്തിലെ കേരളാ ബാങ്കിന്റെ ലാഭം 209 കോടി രൂപയാണ്. കേരളാ ബാങ്കിന്റെ രൂപീകരണത്തിനുശേഷമുള്ള ഏറ്റവും വലിയ പ്രവർത്തന ലാഭമാണ് ബാങ്ക് 2023-24 സാമ്പത്തിക വർഷത്തിൽ നേടിയിട്ടുള്ളത്.

(ബി) നിലവിൽ കേരളാ ബാങ്കിൽനിന്നും വ്യക്തികൾക്ക് നൽകിവരുന്ന പരമാവധി ഭവന വായ്പയുടെ പരിധി 30 ലക്ഷം രൂപയാണ്. എന്നാൽ 2022 ജൂൺ 8-ാം തിയതി റിസർവ് ബാങ്ക് പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ പ്രകാരം ബാങ്കിന് 75 ലക്ഷം രൂപവരെ ഭവന വായ്പ അനുവദിക്കാവുന്നതാണ്. കേരളാ

ബാങ്കിൽനിന്നും നൽകിവരുന്ന ഭവന വായ്പയുടെ പരിധി 75 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതോടെ കേരളത്തിലെ വിവിധ വിഭാഗങ്ങളിലുള്ളവർക്കും സാധാരണക്കാർക്കും അധിക ഭവന വായ്പ അനുവദിക്കുന്നതിനും, അതുവഴി ബാങ്കിന്റെ ആകെ ബിസിനസിൽ വർദ്ധനവ് ഉണ്ടാക്കുന്നതിനും കഴിയും.

(സി) കേരളാ ബാങ്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ബാങ്കിൽനിന്നും നിലവിൽ നൽകിവരുന്ന 48 ഇനം വായ്പകൾക്ക് പുറമേ പുതുതായി ധാരാളം വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഉത്പാദന സേവന കച്ചവട മേഖലയുമായി ബന്ധപ്പെട്ട് നൽകുന്ന കെ.ബി. വ്യാപാർ മിത്ര ലോൺ, കെ.ബി. വ്യാപാർ മിത്ര പ്ലസ് ലോൺ, കാർഷിക മേഖലയിൽ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും ഗ്രാമീണ മേഖലയിൽ ബിസിനസ്/തൊഴിൽ വർദ്ധിപ്പിക്കുന്നതിനുമായി യന്ത്രങ്ങൾ/ഉപകരണങ്ങൾ വാങ്ങി ഉപയോഗിക്കുന്നതിനുമായി ബന്ധപ്പെട്ട കെ.ബി. മെഷിനറി ലോൺ, തീരദേശ ജില്ലകളിൽ ചെമ്മീൻ മത്സ്യകൃഷിയുടെ പ്രോത്സാഹനം നൽകുന്നതുമായി ബന്ധപ്പെട്ട വായ്പാ പദ്ധതിയായ കെ.ബി. വർക്കിംഗ് ക്യാപിറ്റൽ ലോൺ, മത്സ്യവിതരണ മേഖലയിൽ പ്രോത്സാഹനം

നൽകുന്നതിനായുള്ള കെ.ബി. Fish Transport Vehicle Loan, കേരളത്തിലെ ഉൾനാടൻ കായലോര പ്രദേശങ്ങൾ കേന്ദ്രീകരിച്ച് കൂട് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള KB- Fish Culture in Floating Cages ലോൺ, ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനും ടൂറിസം പ്രൊമോഷനുമായി ബന്ധപ്പെട്ട KB- Home Stay Loan, സ്ഥിര വരുമാനമുള്ള കേന്ദ്ര സംസ്ഥാന സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ എയ്ഡഡ് സ്കൂൾ, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ, 20-ന് മുകളിൽ സ്ഥിരം തൊഴിലാളികളുള്ള സ്വകാര്യ സ്ഥാപനങ്ങൾ/നിശ്ചിത വരുമാനമുള്ള ITR ഫയൽ ചെയ്യുന്ന കർഷകർ അല്ലെങ്കിൽ വ്യവസായ സംരംഭകർ എന്നിവിടങ്ങളിലെ ജിവനക്കാർക്ക് പുതിയ 4 wheeler (കാർ/ജീപ്പ്) വാങ്ങുന്നതിനുള്ള കെ.ബി. കാർ ലോൺ എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

<u>ശ്രീ. ആന്റണി രാജു</u>: സർ, കേരളത്തിലെ സാധാരണക്കാരുടെ സാമൂഹ്യ പുരോഗതിയിലും സാമ്പത്തികമായ വളർച്ചയിലും നിർണ്ണായകമായ പങ്ക് വഹിച്ച മഹാപ്രസ്ഥാനമാണ് കേരളത്തിലെ സഹകരണ ബാങ്കിംഗ്

സംവിധാനം. ഒന്നാം പിണറായി സർക്കാർ യാഥാർത്ഥ്യമാക്കിയ കേരള ബാങ്ക് അതിന് കൂടുതൽ കരുത്തും പകർന്നിട്ടുണ്ട്. കേരളത്തിലെ സഹകരണ ബാങ്കുകൾ ഓൺലൈൻ ബാങ്കിംഗ് സേവന രംഗത്ത് മറ്റ് ബാങ്കുകളോടൊപ്പം ആ നിലവാരത്തിലേക്ക് എത്തിയിട്ടുണ്ടോയെന്ന ആശങ്ക ജനങ്ങൾക്കുണ്ട്. അത് മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; അതോടൊപ്പം കേരള ബാങ്കിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കിയിട്ടുണ്ടോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, കേരള ബാങ്കിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കിക്കഴിഞ്ഞു. ആർ.ടി.ജി.എസ്., നെഫ്റ്റ്, ഐ.എം.പി.എസ്., യു.പി.ഐ, മൊബൈൽ ബാങ്കിംഗ്, ഇന്റർനെറ്റ് ബാങ്കിംഗ് എന്നീ സംവിധാനങ്ങളെല്ലാം വന്നുകഴിഞ്ഞു. പ്രൈമറി സംഘങ്ങളുമായി ബന്ധിപ്പിക്കുന്ന സോഫ്റ്റ്‌വെയറിനുകൂടി ഇപ്പോൾ അംഗീകാരം വാങ്ങിയിരിക്കുകയാണ്.

<u>ശ്രീ. ആന്റണി രാജു</u>: സർ, സഹകരണ ബാങ്കുകളെ ഇല്ലായ്മ ചെയ്യാനുള്ള ബോധപൂർവ്വമായ നീക്കം കേന്ദ്ര ഗവൺമെന്റിന്റെയും ആർ.ബി.ഐ.-യുടെയും ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്, ഉണ്ടായിക്കൊണ്ടിരിക്കുന്നുയെന്ന ആശങ്ക

കേരളത്തിൽ ഉയർന്നുവന്നിട്ടുണ്ട്. ഇത്തരം പ്രവണതകളെ തടയാനും നേരിടാനും സംസ്ഥാന ഗവൺമെന്റ് എന്ത് നടപടികൾ കൈക്കൊള്ളാനാണ് ആലോചിക്കുന്നത്?

ശ്രീ. വി. എൻ. വാസവൻ: സർ, കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിൽ മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കും നിധി കമ്പനിക്കും രൂപം കൊടുത്തും മുന്നോട്ടുവന്ന് പുതിയ നിയമം കൊണ്ടുവന്നപ്പോൾ അതിനെതിരെ നിയമപരമായി സഹകരണ മേഖലയിലെ സഹകാരികളെയും എല്ലാ വിഭാഗം ആളുകളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജനാധിപത്യപരമായ പ്രതിഷേധം നമ്മൾ ഉയർത്തിക്കൊണ്ട് വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതി മുമ്പാകെ ഇപ്പോൾ പ്രത്യേകമായ ഡിസ്പ്യൂട്ട് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഗവൺമെന്റിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഇടപാടുകാർക്ക് ഒരു ആശ്വാസമാണ്. ആ പദ്ധതി കേരള ബാങ്കിൽ ഇപ്പോൾ തുടരുന്നുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും പരിഗണനയിലുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 30-06-2024 വരെ ഉണ്ടായിരുന്നു. തുടർന്ന് ഭാവിയിൽ മുന്നോട്ട് ആലോചിക്കും.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, കേരള ബാങ്ക് 2023-24 സാമ്പത്തിക വർഷത്തിൽ നിക്ഷേപ സമാഹരണത്തിന്റെ ഭാഗമായിട്ടുള്ള ക്യാമ്പയിനിൽ വൻമുന്നേറ്റങ്ങളുണ്ടാക്കിയതായി അറിയാൻ കഴിഞ്ഞു. വളരെ അഭിനന്ദനാർഹമായ പ്രവർത്തനങ്ങളാണ് സംഘടിപ്പിക്കപ്പെട്ടിട്ടുള്ളത്. 2023-24 സാമ്പത്തിക വർഷത്തിൽ നിക്ഷേപ സമാഹരണത്തിലൂടെ എത്ര രൂപ സമാഹരിച്ചുവെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, 1208 കോടി രൂപ സമാഹരിച്ചിട്ടുണ്ട്.

ശ്രീ. യു. എ. ലത്തീഫ്: സർ, മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ കേരളാ ബാങ്കിൽ ലയിപ്പിച്ച നടപടി നിയമപ്രകാരം ശരിയല്ലെന്ന് കാണിച്ച് എം.ഡി.സി. ഭരണസമിതിയെപ്പോലെത്തന്നെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയും ഹൈക്കോടതി വിധിക്കെതിരെ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ അപ്പീൽ ബോധിപ്പിച്ചത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? സുപ്രീം കോടതിയുടെ ഒബ്സർവേഷനും ഇന്ററിം ഓർഡറും നിർദ്ദേശിച്ചപോലെ.....

മി. സ്പീക്കർ: ഒബ്സർവേഷൻ പിന്നീട് പറയൂ.

ശ്രീ. യു. എ. ലത്തീഫ്: സർ, മലപ്പുറം ജില്ലാ സഹകരണ ബാങ്ക് നിലനിന്ന രീതിയിൽത്തന്നെ സ്റ്റാറ്റസ്-കോ നിലനിർത്തണമെന്ന ഉത്തരവ് കേരള ബാങ്കിൽ ലയിപ്പിച്ചുവെന്ന് പറയുന്നത് അങ്ങ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ സിംഗിൾ ബഞ്ചും ഡിവിഷൻ ബെഞ്ചും ലയിപ്പിച്ച നടപടി ശരിവയ്ക്കുകയും അതിനെതിരെ സുപ്രീം കോടതിയിൽ അപ്പീലിന് പോകുകയും ചെയ്തിട്ടുണ്ട്. ആ കേസ്സിൽ ഇപ്പോൾ കക്ഷി ചേർന്നിട്ടുണ്ട്.

ശ്രീ. പി. പി. സുമോദ്: സർ, കേരള ബാങ്ക് കാർഷിക അനുബന്ധ മേഖലയിൽ നൽകുന്ന വായ്പകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; അതോടൊപ്പംതന്നെ അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട്, PACS as MSCs പദ്ധതികൾ പ്രകാരം ബാങ്ക് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് എത്ര വായ്പകൾ നൽകിയിട്ടുണ്ട്; ഈ പദ്ധതിയിൽനിന്നും ഉൽപ്പന്നങ്ങൾ വിദേശത്തേയ്ക്ക് കയറ്റി അയയ്ക്കുന്നുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇപ്പോൾ 105 സംഘങ്ങൾക്കായി 201 കോടി രൂപ കൊടുത്ത് കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ വിദേശത്തേയ്ക്ക് ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്ത് തുടങ്ങിയിട്ടുണ്ട്. അടുത്ത കാലത്ത് വിദേശത്തേയ്ക്ക് 12 ടൺ വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്തിരുന്നു. അത് തുടർന്നും മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, നമ്മുടെ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയിൽ പ്രധാന പങ്ക് വഹിക്കുന്നവരാണ് ജീവനക്കാർ. എന്നാൽ കേരള ബാങ്കിൽ ലയിച്ച 13 ജില്ലകളിലെ ജീവനക്കാർക്കും അതാത് സ്ഥാപനങ്ങളിൽ വരുന്ന റിട്ടയർമെന്റിനനുസരിച്ച് പ്രൊമോഷൻ ലഭിക്കുന്നുണ്ട്. മലപ്പുറം ജില്ലാ സഹകരണ ബാങ്കിലെ ജീവനക്കാർക്ക് മാത്രം അർഹമായ പ്രൊമോഷൻ ലഭിക്കുന്നില്ല. അവരുടെ ആനുകൂല്യങ്ങളും അവർക്ക് അർഹമായ പ്രൊമോഷനും നൽകേണ്ടത് സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് പ്രധാനപ്പെട്ട ഘടകമാണ്. ഒരു സാമ്പത്തിക സ്ഥാപനത്തിലെ ജീവനക്കാർ സംതൃപ്തരാകണം. അവർക്ക് അർഹമായ പ്രൊമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ: ചോദ്യം പ്രൊമോഷൻ ലഭിക്കുമോ എന്നല്ലേ; അത് ക്ലിയർ ആയല്ലോ?

ശ്രീ. പി. ഉബൈദുള്ള: സർ, സോഫ്റ്റ്‌വെയർ ഏകീകരിക്കാത്തതിനാൽ മറ്റ് 13 ജില്ലകളിൽ നൽകിവരുന്ന ആധുനിക സൗകര്യങ്ങൾ മലപ്പുറത്തെ ഇടപാടുകാർക്കും നൽകാൻ കഴിയുന്നില്ല. ഇതിന് പരിഹാരമുണ്ടാക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, സമയോചിതമായി മലപ്പുറം ബാങ്ക് ലയിക്കാതിരുന്നതുകൊണ്ടാണ് മറ്റ് ബാങ്കുകൾക്ക് കിട്ടിയപ്പോൾ ലഭിക്കാതെപോയത്. ഇപ്പോൾ അതിനുള്ള നടപടി സ്വീകരിച്ച് കഴിഞ്ഞിട്ടുണ്ട്. പ്രൊമോഷനും ലഭിക്കുന്നതാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, കേരള ബാങ്കിന്റെയും പ്രാഥമിക സംഘങ്ങളുടെ ഉല്പന്നവൈവിധ്യവത്കരണത്തിനും നൂതന പദ്ധതി ആവിഷ്കരിക്കുന്നതിനുമായി നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന Business Diversification & Product Innovation Cell-ന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, നബാർഡിന്റെ സഹായത്തോടുകൂടി അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് (AIF) പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പ്രോജക്ടുകളെല്ലാം ആരംഭിച്ചു. പ്രസ്തുത സെല്ലിന്റെ പ്രവർത്തനം ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, നമ്മുടെ സംസ്ഥാനത്ത് സുശക്തമായ സഹകരണ വായ്പാ മേഖലയെ ദുർബലപ്പെടുത്തുക എന്ന കേന്ദ്ര സർക്കാർ നയത്തിന്റെ ഭാഗമായാണോ 2022-2023 സാമ്പത്തിക വർഷത്തെ ഇൻസ്പെക്ഷനെത്തുടർന്ന് കേരളബാങ്കിന്റെ റേറ്റിംഗ് ബി-യിൽനിന്നും സി-യിലേയ്ക്ക് മാറ്റിയതെന്ന സംശയം കേരളത്തിലെ സഹകാരി സമൂഹത്തിനിടയിൽ വന്നിട്ടുണ്ട്. ബാങ്കിന്റെ രൂപീകരണത്തിനുശേഷം പുരോഗതി മാത്രമാണുണ്ടായിട്ടുള്ളത്. ബാങ്ക് രൂപീകരണത്തിന് ശേഷമുള്ള അഞ്ച് സാമ്പത്തിക വർഷങ്ങളിലും അറ്റലാഭം നേടുകയുണ്ടായി. ഇത്രയേറെ വളർച്ച കൈവരിച്ച വളരെദൂരം മുന്നോട്ടുപോയൊരു ബാങ്കിനെ തകർക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് നടത്തുന്ന പരിശ്രമങ്ങളെ ചെറുക്കുന്നതിനുവേണ്ടി കേരളത്തിലെ സഹകാരി സമൂഹത്തെ ആകെ

ഒരുമിപ്പിച്ച് നിർത്തുന്നതിനുവേണ്ടിയുള്ള എന്തെങ്കിലും നടപടികൾ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ആർ.ബി.ഐ. അല്ല, നബാർഡാണ് കേരളബാങ്കിന്റെ റേറ്റിംഗ് താഴ്ത്തിയത്. 2022-23-ൽ നബാർഡിന്റെ റൊട്ടീൻ ഇൻസ്പെക്ഷനുമായി ബന്ധപ്പെട്ടാണ് അത് നടപ്പിലാക്കിയത്. 2023-24 സാമ്പത്തിക വർഷമാകുമ്പോൾ അത് പരിഹരിക്കാനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ബിസിനസ്സിൽ വൻ പുരോഗതിയാണ് കൈവരിച്ചിട്ടുള്ളത്. 209 കോടി രൂപ ലാഭമുണ്ട്. കേന്ദ്ര സർക്കാരിന്റെ ഈ നീക്കത്തിനെതിരെ യോജിച്ച നീക്കങ്ങൾ നടത്താൻ സഹകാരി സമൂഹം മുന്നോട്ടുവരുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. സണ്ണി ജോസഫ്: സർ, പലവിധ കാരണങ്ങളാൽ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. നിക്ഷേപകർക്ക് പണം മടക്കിക്കൊടുക്കാൻ കഴിയാത്ത സംഘങ്ങൾക്ക് കൺസോഷ്യത്തിൽനിന്നോ ഡിപ്പോസിറ്റ് ഗ്യാരന്റി സ്കീമിൽനിന്നോ പണം നൽകുന്നതായി അറിയുന്നു. കുണ്ടല, കരുവന്നൂർ എന്നീ സഹകരണ ബാങ്കുകൾക്ക് പണം നൽകിയതിന്റെ

മാനദണ്ഡമെന്താണ്; പ്രതിസന്ധി നേരിടുന്ന എല്ലാ സംഘങ്ങളെയും പ്രതിസന്ധിയുടെ ആനുപാതികമായെങ്കിലും സഹായിക്കാനുള്ള പദ്ധതി നടപ്പിലാക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, പുതിയ ബില്ലിൽ നിശ്ചയമായും അതിന് വ്യവസ്ഥ കൊണ്ടുവന്നിട്ടുണ്ട്. ബഹുമാനപ്പെട്ട ഗവർണർ ഒപ്പിട്ട് ബിൽ ലഭിച്ചിട്ടുണ്ട്. ഇപ്പോൾ അതിന്റെ ചട്ടം രൂപീകരിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെ, ലിക്വിഡേഷനിൽ പോകുന്ന സംഘങ്ങൾക്ക് മുമ്പ് നൽകിയിരുന്ന നിക്ഷേപ ഗ്യാരന്റി സ്കീം അമെന്റ് ചെയ്ത് ഇപ്പോൾ എല്ലാവർക്കും നൽകാൻ സഹായിക്കുന്ന രൂപത്തിലേയ്ക്ക് അഞ്ച് ലക്ഷം രൂപയാക്കി പരിധി ഉയർത്തിയിട്ടുണ്ട്. ഭാവിയിൽ എല്ലാ സംഘങ്ങളെയും സഹായിക്കാൻ കഴിയുന്നൊരു സാഹചര്യം സംജാതമാക്കുകയാണ്.

ശ്രീ. കെ. പ്രേംകുമാർ: സർ, സഹകരണ വകുപ്പ് മുൻകയ്യെടുത്ത് നടത്തിയ മാതൃകാപരമായ പദ്ധതിയാണ് യുവസംരഭകർക്ക് വേണ്ടിയുള്ള പ്രത്യേകമായ സഹകരണ സംഘങ്ങൾ. അതിന്റെ പുരോഗതിയെ സംബന്ധിച്ച് വ്യക്തമാക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, കേരളത്തിൽ യുവസംരംഭകർക്കായി മുപ്പതോളം സഹകരണ സംഘങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. അതിൽ പല സംഘങ്ങളും ഇപ്പോൾ ഇവന്റ് മാനേജ്മെന്റ് മുതൽ ഐ.ടി. വരെയുള്ള പുതിയ സംരംഭങ്ങൾക്ക് തുടക്കമിട്ടു. അതിൽ ഏറ്റവും നല്ലൊരു സംരംഭമായി കോട്ടയത്തെ ഇ-നാട് സഹകരണസംഘം പ്രവർത്തിക്കുകയും മൂന്നുവർഷംകൊണ്ട് 68 ലക്ഷം രൂപയുടെ ലാഭത്തിലേയ്ക്ക് എത്തുകയും ജീബിൻ ഉല്പാദിപ്പിച്ച് വേസ്റ്റ് ഡിസ്പോസലുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനത്തിന് നേതൃത്വപരമായ പങ്ക് വഹിച്ചുവരുന്നു. യുവജന സഹകരണ സംഘങ്ങൾ അഭിമാനകരമായ പുരോഗതിയാണ് കൈവരിക്കുന്നത്.

ശ്രീ. നജീബ് കാന്തപുരം: സർ, നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളും സർക്കാർ ഉടമസ്ഥതയിലുള്ള സംവിധാനങ്ങളും പി.പി.പി. മോഡലിലുള്ള പ്രോജക്ടുകൾ മുന്നോട്ടുവയ്ക്കുകയാണെങ്കിൽ അത്തരം പ്രോജക്ടുകളെ സഹായിക്കാൻ സഹകരണ വകുപ്പിന് സാധിക്കുമോ; ഡൈവേഴ്സിഫൈ ചെയ്യുന്ന പുതിയ പ്രവർത്തനങ്ങളുമായി ബാങ്ക് മുന്നോട്ടുപോകുമ്പോൾ അത്തരം പ്രോജക്ടുകളെ സഹായിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ഓരോ പ്രോജക്റ്റിന്റെയും സ്വഭാവം പരിശോധിച്ചശേഷം ചെയ്യാം.

<u>ശ്രീ. എച്ച്. സലാം</u>: സർ, നാഷണലൈസ്ഡ് ബാങ്കുകൾ പല കാരണങ്ങൾ പറഞ്ഞ് വിദ്യാഭ്യാസ വായ്പ നിഷേധിക്കുന്ന സാഹചര്യമുണ്ട്. ഈയൊരു സാഹചര്യത്തിൽ സാധാരണക്കാരെ സഹായിക്കാൻ കേരള ബാങ്ക് കൂടുതൽ വിദ്യാഭ്യാസ വായ്പ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, പരിഗണിക്കാവുന്നതാണ്.

**സാമ്പത്തിക പ്രയാസം മറികടക്കുന്നതിന് പാക്കേജ്**

(*483) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>:
<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>:
<u>ശ്രീ. കെ. ഡി. പ്രസേനൻ</u>:
<u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിലവിലെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി കേന്ദ്ര ബജറ്റിൽ പാക്കേജ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റിൽ സംസ്ഥാനത്തിന് മൂലധന നിക്ഷേപ വായ്പാ പദ്ധതിയിൽ സഹായം അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പശ്ചാത്തല സൗകര്യ വികസന പദ്ധതികൾ ഏതെല്ലാം വേണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്; സിൽവർലൈൻ പദ്ധതിക്ക് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്രവിഹിതം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

(എ) ഉണ്ട്. സംസ്ഥാനത്തിന്റെ നിയന്ത്രണത്തിനതീതമായ പല ഘടകങ്ങളാലും കഴിഞ്ഞ കുറച്ച് കാലങ്ങളായി സംസ്ഥാനം ധനഞെരുക്കം നേരിടുന്നുവെന്നത് വസ്തുതയാണ്. പ്രകൃതി ദുരന്തങ്ങൾ, കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റംമൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക്

അധികബാധ്യത വരുന്നരീതിയിൽ ഭേദഗതി ചെയ്തത്, സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര സർക്കാർ അനുശാസിക്കുന്ന branding/naming മാർഗനിർദ്ദേശങ്ങൾ എന്ന കാരണമുയർത്തി കേന്ദ്ര ധനകൈമാറ്റത്തിൽ കുറവുവരുത്തിയത്, ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയത്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സംസ്ഥാന സർക്കാരിനുകീഴിലെ സ്ഥാപനങ്ങളെടുത്ത വായ്പകളും സംസ്ഥാന സർക്കാരിന്റെ കടമായി കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന്റെ ആകെ കടമെടുപ്പിൽ വെട്ടിക്കുറവ് വരുത്തുന്ന കേന്ദ്ര സർക്കാർ നിലപാട് എന്നിവ സംസ്ഥാനത്തെ ധനഞെരുക്കത്തിലേയ്ക്ക് തള്ളിവിട്ട ഘടകങ്ങളാണ്.

ഈ ഘട്ടത്തിലും സംസ്ഥാനത്തിന്റെ തനത് നികുതി-നികുതിയേതര വരുമാനത്തിൽ വളർച്ച കൈവരിച്ചുകൊണ്ട് സാമൂഹ്യക്ഷേമ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടത്ര ഊന്നൽ നൽകാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. നീതി ആയോഗിന്റെയും മാനവവിഭവശേഷി സൂചികകളിലും സുസ്ഥിര വികസന ലക്ഷ്യങ്ങളിലും സംസ്ഥാനം അഭിമാനകരമായ നേട്ടം കൈവരിച്ചത് എടുത്തുപറയേണ്ടതാണ്. പ്രതിസന്ധിയുടെ ഘട്ടത്തിലും ദേശീയ അഭിമാനം

നിലനിർത്തുന്നതിൽ സംസ്ഥാനത്തിന്റെ വിവിധ മേഖലകളിലെ സംഭാവനകൂടി കണക്കിലെടുത്തും സംസ്ഥാനം ഇപ്പോൾ അഭിമുഖീകരിക്കുന്ന ധനഞെരുക്കം മറികടക്കുന്നതിനും കുറഞ്ഞത് 24000 കോടി രൂപയുടെ പ്രത്യേക പാക്കേജ് 2024-25 മുതൽ 2 വർഷത്തേയ്ക്ക് ഷെഡ്യൂൾ ചെയ്ത് കേന്ദ്ര ബജറ്റിൽ നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രസർക്കാർ അനുശാസിക്കുന്ന branding/naming മാർഗ്ഗനിർദ്ദേശങ്ങളുടെ പേരുപറഞ്ഞ് എൻ.എച്ച്.എം.-ന്റെ കേന്ദ്ര വിഹിതവും പലിശരഹിത വായ്പയായി കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്ന മൂലധന നിക്ഷേപങ്ങൾക്കുള്ള പ്രത്യേക സഹായ പദ്ധതിയുടെ ഭാഗം-1-ന് 2023-24 സാമ്പത്തിക വർഷം ലഭ്യമാകേണ്ട 1925 കോടി രൂപയും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടില്ല. പ്രസ്തുത തുക നേടിയെടുക്കുന്നതിനായി നിരന്തരം കത്തിടപാടുകൾ നടത്തിയെങ്കിലും കേന്ദ്ര സർക്കാർ സംസ്ഥാനത്തിനനുകൂലമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) ഉയർന്ന ജനസാന്ദ്രത, വാഹനങ്ങളുടെ എണ്ണത്തിലുണ്ടായ വർധനവ്, ഉയർന്ന തൊഴിൽ ചെലവ്, ദേശീയപാത വികസനം ഉൾപ്പെടെ കേന്ദ്രം നേരിട്ട്

നടത്തുന്ന പദ്ധതികൾക്ക് ഏറ്റെടുത്ത് നൽകേണ്ട ഭൂമിയുടെ 25 ശതമാനം തുകയും സംസ്ഥാനം വഹിക്കേണ്ടിവരുന്നത് എന്നിവ കാരണം സംസ്ഥാനം അടിസ്ഥാനസൗകര്യ വികസനത്തിൽ വിഭവദൗർലഭ്യതയും ബുദ്ധിമുട്ടും നേരിടുന്നുണ്ട്. അതിനാൽ റോഡുകൾ, റെയിൽവേ, മെട്രോ, തുറമുഖങ്ങൾ എന്നിവയുൾപ്പെടെയുള്ള ഗതാഗത അടിസ്ഥാനസൗകര്യ വികസനത്തിനും നഗര അടിസ്ഥാനസൗകര്യ പദ്ധതികൾക്കും കേന്ദ്ര ധനസഹായം വർദ്ധിപ്പിക്കാൻ സംസ്ഥാനം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഇതിനുപുറമെ സിൽവർലൈൻ പദ്ധതിക്ക് അനുമതി നൽകുക, കേരളത്തിൽ AIIMS സ്ഥാപിക്കുക, കണ്ണൂരിൽ ആയുർവേദത്തിനായി അന്തർദേശീയ ഗവേഷണ കേന്ദ്രം സ്ഥാപിക്കുക, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിനായി പ്രത്യേക പാക്കേജ് അനുവദിക്കുക, തലശ്ശേരി-മൈസൂർ, നിലമ്പൂർ-നഞ്ചൻകോട് റെയിൽവേ ലൈനുകളുടെ സർവ്വേയ്ക്കും വിശദ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി അടിയന്തര കേന്ദ്രസഹായം അനുവദിക്കുക മുതലായവ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) നീതി ആയോഗ് നിലവിൽ വന്നതിനുശേഷം വിവിധ കേന്ദ്ര മന്ത്രാലയങ്ങളുമായുള്ള ചർച്ചകളുടെയും വിവിധ മുഖ്യമന്ത്രിമാരുടെ ഉപഗ്രൂപ്പിന്റെ ശിപാർശകളുടെയും അടിസ്ഥാനത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളെ കേന്ദ്ര സർക്കാർ 2016 മുതൽ 'കോർ ഓഫ് ദ കോർ' (90:10), 'കോർ' (60:40), 'ഓപ്ഷണൽ' (50:50) എന്നീ ഗണങ്ങളിൽപ്പെടുത്തുകയുണ്ടായി. ഇതിൽ 90% കേന്ദ്രവിഹിതം ലഭിക്കുന്ന ആദ്യത്തേതിൽ പദ്ധതികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞുവരികയാണ്. മുമ്പ് 75%, 80% എന്നരീതിയിൽ കേന്ദ്ര വിഹിതം ലഭ്യമാകുമായിരുന്ന പല പദ്ധതികളും ഇപ്പോൾ 60% മാത്രം കേന്ദ്രവിഹിതം ലഭിക്കുന്ന കോർ ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സിംഹഭാഗവും കോർ ഗണത്തിലുൾപ്പെടുത്തിയതിനാൽ വലിയ ബാധ്യതയാണ് സംസ്ഥാനത്തിനുണ്ടാകുന്നത്. ഇക്കാര്യം ചൂണ്ടിക്കാട്ടി കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ വരുത്തിയ മാറ്റം പുനരവലോകനം ചെയ്യാനും കോർ, ഓപ്ഷണൽ ഗണത്തിൽപ്പെട്ട പദ്ധതികളുടെ കേന്ദ്ര വിഹിതം 75% ആയി വർധിപ്പിക്കണമെന്നും സംസ്ഥാനങ്ങളുമായി നീതി ആയോഗ് നടത്തിയ വിവിധ

ചർച്ചകളിലും കേന്ദ്ര സർക്കാരിനോട് നടത്തിയ കത്തിടപാടുകളിലും 2024-25 സാമ്പത്തിക വർഷത്തെ പുതുക്കിയ കേന്ദ്ര ബജറ്റിന് മുന്നോടിയായിട്ടുള്ള ചർച്ചയിലും സംസ്ഥാന സർക്കാർ ഉന്നയിച്ചിട്ടുണ്ട്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കേരളത്തിന്റെ ധനപരമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് അർഹമായ നികുതി വിഹിതം ലഭ്യമാകുക എന്നത് പ്രധാനപ്പെട്ടതാണ്. അർഹമായ നികുതി വിഹിതം ലഭ്യമാക്കുന്ന കാര്യത്തിൽ ജനങ്ങളാകെ ഒറ്റക്കെട്ടായി നിൽക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ കേരളത്തിലെ പ്രതിപക്ഷത്തിന്റെ നിലപാട് സഹായകരമാകുന്നുണ്ടോ; ഈ സാഹചര്യത്തിലും കേന്ദ്ര നികുതി വിഹിതം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഒന്നാമത്തെ ചോദ്യം, ഒരു സംസ്ഥാനത്തെ സംബന്ധിച്ച് വളരെ പ്രധാനമാണ്. കാരണം, ഭരണമുന്നണിയും പ്രതിപക്ഷവും എന്നനിലയിൽ ഇത്തരം കാര്യങ്ങളിൽ മാറിനിൽക്കാൻ പാടില്ല. തിരഞ്ഞെടുപ്പിനുമുമ്പ് പ്രതിപക്ഷത്തോട് നമ്മളെല്ലാവരും അഭ്യർത്ഥിച്ചതാണ്. മുഖ്യമന്ത്രിയും അവരോട് ഇത്തരം കാര്യങ്ങളിൽ യോജിച്ച്

മുന്നോട്ടുപോകണമെന്ന് ക്ഷണിച്ചെങ്കിലും അവർ അന്ന് സഹകരിക്കുകയുണ്ടായില്ല. തിരഞ്ഞെടുപ്പ് വരുന്നതിന് തൊട്ടുമുമ്പത്തെ സമയത്തൊക്കെ ഇങ്ങനെ സഹകരിക്കാൻ പറഞ്ഞാൽ എങ്ങനെയാണ് സാധിക്കുക എന്ന് പ്രതിപക്ഷ ഉപനേതാവ് അന്ന് ചോദിച്ചതാണ്. അതുതന്നെയാണ് ഇതിന്റെ രാഷ്ട്രീയം. ഇപ്പോൾ തിരഞ്ഞെടുപ്പ് കഴിഞ്ഞതുകൊണ്ട് ഇനിയും യോജിച്ച് ചില കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. എന്തായാലും കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾ കാരണമാണ് കേരളത്തിന് വലിയ തോതിലുള്ള നഷ്ടം വന്നിട്ടുള്ളത്. വരുമാനം വർധിപ്പിക്കാൻവേണ്ടി സംസ്ഥാന സർക്കാർ ചെയ്യുന്ന ധാരാളം കാര്യങ്ങളുണ്ട്. അതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിച്ചിട്ടുണ്ട്, വർദ്ധിക്കുന്നുമുണ്ട്. വരുമാനത്തിന്റെ കാര്യത്തിൽ നികുതി വരുമാനംമാത്രം 54 ശതമാനത്തിലധികം വർദ്ധിച്ചു. നികുതി-നികുതിയേതര വരുമാനം നോക്കിയാൽ മൂന്ന് വർഷംകൊണ്ട് 65 ശതമാനം വർദ്ധിച്ചിട്ടുണ്ട്. വിവിധ മേഖലകളിൽ വരുമാനം വർദ്ധിക്കാനുള്ള പ്രവർത്തനങ്ങൾ

നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ആ പ്രവർത്തനങ്ങൾ കൂടുതൽ സജീവമായി മുന്നോട്ടുകൊണ്ടുപോകുന്നതാണ്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കേന്ദ്രാവിഷ്കൃത പദ്ധതിയുടെ കേന്ദ്ര വിഹിതം യഥാസമയം ലഭിക്കുന്നുണ്ടോ? ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ സംസ്ഥാന സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികൾ വിശദീകരിക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പ്രധാന ചോദ്യത്തിന്റെ മറുപടിയിൽ വളരെ വിശദമായി അക്കാര്യത്തെ സംബന്ധിച്ച് സൂചിപ്പിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നേരത്തെയുണ്ടായിരുന്ന ഒരു റേഷ്യോയുണ്ട്. നീതി ആയോഗ് നിലവിൽ വന്നതിനുശേഷമാണ് വിവിധ മന്ത്രാലയങ്ങളുടെയും മുഖ്യമന്ത്രിമാരുടെയും മുഖ്യമന്ത്രിമാരുടെ ഉപഗ്രൂപ്പിന്റെയുമൊക്കെ ശിപാർശകളുടെ അടിസ്ഥാനത്തിൽ 2016 മുതൽ 'കോർ ഓഫ് ദ കോർ' (90:10), 'കോർ' (60:40), 'ഓപ്ഷണൽ' (50:50) എന്നീ ഗണങ്ങളിലൊക്കെപ്പെടുത്തി പല കാര്യങ്ങളും പറഞ്ഞിരുന്നു. നേരത്തെ 75 ശതമാനംവരെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഭാഗമായി കേരളത്തിന് ലഭിച്ചിരുന്നത് ഇപ്പോൾ വലിയ

തോതിൽ കുറച്ചിരിക്കുകയാണ്. ഇന്നലെ ഇവിടെ വളരെയേറെ ചർച്ച ചെയ്ത ജലവിതരണവുമായി ബന്ധപ്പെട്ട വലിയ പദ്ധതികളിലൊക്കെ 50 ശതമാനം മാത്രമാണുള്ളത്. ഇങ്ങനെ സംസ്ഥാനങ്ങൾക്ക് കൊടുക്കുന്ന സി.എസ്.എസ്. (Centrally Sponsored Schemes)-ൽ വലിയ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ട്. ആ വെട്ടിക്കുറവ് നല്ലതുപോലെ കേരളത്തെ ബാധിക്കുന്നുണ്ട്. അതുമാത്രമല്ല ബ്രാൻഡിംഗ് എന്ന പുതിയ സമ്പ്രദായം കൊണ്ടുവന്നത് ഈ സഭയിൽ പല സമ്മേളനങ്ങളിലും പല ദിവസങ്ങളിലും ചർച്ച ചെയ്തതാണ്. അതിന്റെ പേരിൽ എൻ.എച്ച്.എം.-ൽ മാത്രം കഴിഞ്ഞ വർഷം ചെലവാക്കിയ വകയിൽ കേരളത്തിന് ആയിരത്തോളം കോടി രൂപ ലഭിക്കാനുണ്ട്, അവിടെമാത്രമല്ല മറ്റ് പല മേഖലകളിലും കേരളത്തിന് തുക ലഭിക്കാനുണ്ട്. അങ്ങനെ കേന്ദ്രാവിഷ്കൃത പദ്ധതികൾ, ലൈഫ് പദ്ധതി പോലുള്ള പദ്ധതികളിൽ കേരളം 95 ശതമാനത്തോളം ചെലവാക്കുന്നിടത്ത് കേന്ദ്രഗവൺമെന്റ് നെയിമിംഗ് വേണം അല്ലെങ്കിൽ അവരുടെ ബ്രാൻഡിംഗ് വേണമെന്നാണ് പറയുന്നത്. അതുകൂടാതെ വിഴിഞ്ഞം പോലുള്ള പദ്ധതികൾക്ക് ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റിനുവേണ്ടി ചെയ്യാവുന്ന കാപെക്സ് പദ്ധതികൾക്കും പണം

നൽകണമെങ്കിൽ കേന്ദ്രം അനുവദിക്കണം. കഴിഞ്ഞ പ്രാവശ്യം ഏകദേശം രണ്ടായിരത്തോളം കോടി രൂപയ്ക്ക് കേരളം എലിജിബിളായിരുന്നു. പക്ഷെ ബ്രാൻഡിംഗിന്റെ പേരിൽ നമുക്ക് കാപെക്സ് പദ്ധതികൾക്കുപോലും പണം തരാത്ത സ്ഥിതിയുണ്ടായിട്ടുണ്ട്.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, കേരളത്തിന് അനുയോജ്യമല്ലാതിരുന്നിട്ടും സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ചിലത് കേരളത്തിൽ നടപ്പിലാക്കുന്നുണ്ട്. അപ്രകാരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ അതിനായി ചെലവഴിച്ച തുകയുടെ കണക്ക് കേന്ദ്രത്തിന് നൽകിയതിനുശേഷമാണ് അവർ പണം റിലീസ് ചെയ്യുന്നത്. ഇപ്രകാരം കണക്കുകൾ കൊടുത്തതിനുശേഷവും എത്ര പണം നമുക്ക് കുടിശ്ശികയായി കിട്ടാൻ അവശേഷിക്കുന്നുവെന്ന് വ്യക്തമാക്കാമോ; മാത്രവുമല്ല ബ്രാൻഡ്, പേര്, കളർ തുടങ്ങിയവയുടെ പേരിൽ ഇപ്പോൾ പദ്ധതികൾ നിർത്തലാക്കിക്കൊണ്ടിരിക്കുകയാണ്. നിലവിലെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽനിന്നും ഏകപക്ഷീയമായി കേന്ദ്രം പിന്മാറുമ്പോൾ എങ്ങനെയാണ് സ്കീമുകളെ ബാധിക്കുന്നത്?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഓരോന്നിന്റെയും വിശദമായ കണക്ക് പരിശോധിക്കേണ്ടിവരുമെങ്കിലും പ്രധാനമായും നാഷണൽ ഹെൽത്ത് മിഷൻ (NHM)-ന് ലഭിക്കാനുള്ള ആയിരം കോടിയോളം രൂപയും യു.ജി.സി.-യുടെ ആനുകൂല്യങ്ങൾ കൊടുക്കുന്നതിന് കേന്ദ്രത്തിൽനിന്നും ലഭ്യമാക്കാനുള്ള 750 കോടിരൂപയും ലഭിച്ചിട്ടില്ല. ഇതുകൂടാതെ പല കേന്ദ്രാവിഷ്കൃത പദ്ധതികളും തുടങ്ങിവച്ചശേഷം സർക്കാർ അവിടെ ജീവനക്കാരെ നിയമിക്കും. അതായത് സ്കൂളുകളിൽ ചില സ്പെഷ്യൽ ടീച്ചേഴ്സ്, ജീവനക്കാർ തുടങ്ങിയവരെ നിയമിക്കാറുണ്ട്. കേന്ദ്രം ഈ പദ്ധതികൾ പെട്ടെന്ന് അവസാനിപ്പിക്കുമ്പോൾ ഈ ജീവനക്കാർക്ക് ശമ്പളം സംസ്ഥാനം കൊടുക്കേണ്ടിവരികയാണ്. അതുപോലെ ആശ, അങ്കണവാടി തുടങ്ങിയ മേഖലകളിലൊക്കെ കേന്ദ്ര ഗവൺമെന്റ് നൽകേണ്ട പണം ലഭ്യമാക്കുന്നില്ല. വലിയ നമ്പർ ജീവനക്കാരാണ് NHM-ൽ പണിയെടുക്കുന്നത്. ഇതുപോലുള്ള പല മേഖലയിലും കേന്ദ്രം പണം നൽകുന്നില്ലെങ്കിലും സംസ്ഥാനത്തിന് അത് നിർത്തിക്കളയാൻ കഴിയാത്ത അവസ്ഥയുള്ളതിനാൽ അതൊരു പ്രധാന പ്രശ്നമാണ്.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കണക്ക് കൊടുക്കാത്ത പ്രശ്നമല്ല ഇതുമായി ബന്ധപ്പെട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ടതല്ലെങ്കിൽ പോലും നെല്ല് എടുക്കുന്ന സിവിൽ സപ്ലൈസുമായും ബന്ധപ്പെട്ട് ഏകദേശം ആയിരം കോടി രൂപ കിട്ടാനുണ്ട്. റീ-കൺസിലിയേഷൻ ഓഫ് അക്കൗണ്ടും മറ്റും കൊടുത്തെങ്കിലും അതിനകത്തും വലിയ തുകയാണ് കിട്ടാതെ വന്നത്. നെൽകൃഷിക്കാർക്ക് ബുദ്ധിമുട്ട് വരാതിരിക്കാൻ പരമാവധി കാര്യങ്ങൾ ചെയ്യുന്നുണ്ടെന്നത് കഴിഞ്ഞദിവസം ഇവിടെ ചർച്ച ചെയ്തതാണ്. ഇദ്ദേഹം പറഞ്ഞ ഒരു കാര്യം വളരെ പ്രധാനപ്പെട്ടതാണ്. നമുക്ക് കിട്ടുന്നത് വളരെ കുറവാണ്. കേരളത്തിലെ എല്ലാ വീട്ടിലും ശുചിമുറി വേണമെന്നും അതിന് പണം തരണമെന്നും പറഞ്ഞാൽ, കേരളത്തിൽ ടോയ്ലെറ്റുകൾ ഇല്ലാത്ത വീടുകൾ എത്രയെണ്ണം ഉണ്ടാകും. ലൈഫ് ഭവന പദ്ധതിയനുസരിച്ച് വളരെക്കുറച്ച് ആളുകൾക്കേ ഇനി വീട് കൊടുക്കാനുള്ളൂ. ലൈഫ് പദ്ധതിയിലൂടെ ലോകത്തുതന്നെ ഇത്രയേറെ വീട് കൊടുത്ത ഒരു സ്ഥലവുമില്ലെന്ന് ഞാൻ ആധികാരികമായി പറയുകയാണ്. അതിൽ യാതൊരു തർക്കവുമില്ല. ഇനിയും കുറച്ചുപേർക്കുകൂടി വീട് കൊടുക്കാനുണ്ട്. നൂറെണ്ണം കൊടുക്കുമ്പോൾ രണ്ടോ പത്തോ ഇരുപതോ

പേർക്ക് കൊടുത്തില്ലെന്ന പ്രശ്നം വരും. പത്തിരുപതിനായിരം കോടിരൂപ ഇക്കഴിഞ്ഞ അഞ്ചെട്ട് വർഷത്തിനിടയിൽ ഭവന നിർമ്മാണത്തിനായി കൊടുത്ത ഒരു സംസ്ഥാനമാണിത്. ഇന്ത്യയിലെ ബാക്കി സംസ്ഥാനങ്ങളുടെ കണക്കെടുക്ക്. ഇങ്ങനെ വീട് നിർമ്മിക്കാൻ പണം കൊടുക്കുമ്പോൾ കേന്ദ്രം നമുക്ക് ശുചിമുറിയുണ്ടാക്കാൻ പണം തരാമെന്ന് പറഞ്ഞാൽ, കേരളത്തിൽ ശുചിമുറിയുണ്ടാക്കേണ്ട കാര്യമില്ല. ഒരു വീട്ടിൽ ഒരു ശുചിമുറി എന്നല്ലാതെ രണ്ടോ മൂന്നോ നാലോ ശുചിമുറിക്ക് പണം കിട്ടേണ്ടതില്ല. ഇത്തരം പ്രശ്നങ്ങൾ അവരുടെ നോംസിൽ ഉണ്ട്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, നമ്മളുണ്ടാക്കുന്ന നേട്ടങ്ങൾ നമ്മുടെ സംസ്ഥാനത്തിന് വിനയായി മാറുന്നുണ്ടോ എന്നതാണെന്റെ സംശയം. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ പലതിലും കേന്ദ്രം 100 രൂപ നൽകിയാൽ നമ്മൾ 200 രൂപയുടെ ഔട്ട്പുട്ട് ഉണ്ടാക്കിക്കൊടുക്കുകയാണ്. ഇപ്പോൾ സമ്പൂർണ്ണ സാക്ഷരത നേടി എന്ന കുറ്റത്തിന് തുടർസാക്ഷരതയുടെ പ്രോജക്ട് കേന്ദ്രം നിർത്തലാക്കുകയാണ്. സമ്പൂർണ്ണ വിളയിട വിസർജ്ജന യൂണിറ്റ് പൂർത്തിയായെന്ന് പ്രഖ്യാപിക്കപ്പെട്ടപ്പോൾ ശുചിത്വത്തിന്റെ വിഹിതം

കുറയ്ക്കുകയാണ്. ഇത്തരത്തിലുള്ള കേന്ദ്രനയങ്ങൾ മൂലമുണ്ടാകുന്ന ധനപ്രതിസന്ധിയെ നേരിടാൻ ഇപ്പോൾ നമുക്ക് സ്വീകരിക്കാൻ കഴിയുന്ന നടപടികളെ സംബന്ധിച്ച് വിശദീകരിക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കഴിഞ്ഞ ധനകാര്യ വകുപ്പുമന്ത്രിമാരുടെ പ്രീ-ബഡ്ജറ്റ് മീറ്റിംഗിൽ കേന്ദ്ര ഗവൺമെന്റിനോട് ഈ നോംസ് മാറ്റണമെന്ന് കേരളം മാത്രമല്ല, കുറേ സൗത്ത് ഇന്ത്യൻ സ്റ്റേറ്റുകൾ ആവശ്യപ്പെട്ടു. ഇന്ത്യയിലെ മറ്റു സ്ഥലങ്ങളിലെല്ലാം ഇതുപോലുള്ള സൗകര്യം വന്നതിനുശേഷം അടുത്തഘട്ടം നൽകാൻ കഴിയാത്തതിനാൽ സ്റ്റേറ്റുകൾക്ക് ഒരു ഫ്ലക്സിബിലിറ്റി അനുവദിക്കുന്നതിനുള്ള ശക്തമായ ആവശ്യം വരികയാണ്. പുതിയ ഗവൺമെന്റ് ബി.ജെ.പി.-യുടെ നേതൃത്വത്തിലാണെങ്കിലും പ്രതിപക്ഷം വളരെ ശക്തമായതിനാൽ അവർക്ക് മുമ്പുള്ളതുപോലെ എല്ലാ കാര്യങ്ങളും ഏകപക്ഷീയമായി നടത്താൻ കഴിയുമെന്ന് ഞാൻ വിചാരിക്കുന്നില്ല. അവരുടെ മുന്നണിയിൽ ഇത്തരം പ്രശ്നങ്ങളുന്നയിക്കുന്ന ആളുകളുണ്ട്. സ്റ്റേറ്റുകൾക്ക് ഒരു ഫ്ലക്സിബിലിറ്റി നൽകണം. കേരളത്തിന് സെക്കന്റ് ജനറേഷൻ പ്രോബ്ലംസ് ആണ്. മിനിമം അടിസ്ഥാന സൗകര്യം വന്നതിനാൽ അടുത്തഘട്ടം

ചെയ്യാനായി എലിജിബിളായി നികുതിവിഹിതത്തിൽനിന്നും ഒരു ഫ്ലക്സിബിലിറ്റി ആവശ്യമാണെന്ന് സർക്കാർ ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ മീറ്റിംഗിലും അക്കാര്യം ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ഐ. ബി. സതീഷ്: സർ, നികുതി വിഹിതമായി ലഭ്യമാകുന്ന തുകയെ കേന്ദ്ര സഹായമെന്ന നിലയിൽ വ്യാഖ്യാനിക്കുന്ന പ്രചരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വസ്തുതകൾ എന്താണെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കേന്ദ്രം നമുക്കർഹമായ നികുതിവിഹിതം നൽകുന്നില്ലെന്നുള്ളതാണ് ഒന്നാമത്തെ കാര്യം. കാരണം പത്താം ധനകാര്യ കമ്മീഷന്റെ കണക്കുകൾ പ്രകാരം 3.82 ശതമാനമായിരുന്നത് ഇപ്പോൾ 1.9 ശതമാനം മാത്രമേയുള്ളൂ. ഇതിനുമുമ്പ് അത് 2.52% ആയിരുന്നു. എല്ലാ മേഖലയിലും കുറയ്ക്കുകയാണ്. കണക്കുകൾ നോക്കിക്കഴിഞ്ഞാൽ മൂന്ന് വർഷങ്ങൾക്കുമുമ്പ് ഗ്രാന്റ്-ഇൻ-എയ്ഡായി 32000, 33000 കോടിരൂപ കിട്ടിയിരുന്നതെങ്കിൽ കഴിഞ്ഞ വർഷം ലഭ്യമായത് 11000 കോടി രൂപയാണ്. ടി തുകയിലും 22000 കോടി രൂപയുടെ കുറവുണ്ടായി. ഇതെല്ലാം കുറഞ്ഞിട്ടും കേന്ദ്രം സംസ്ഥാനത്തുനിന്നും പിരിച്ചുകൊണ്ടുപോകുന്ന

നികുതിയുടെ ഭാഗമാണ് നൽകുന്നത്. കേരളത്തിന് എന്തോ പ്രത്യേക സഹായം ചെയ്യുന്നുവെന്ന തരത്തിലേയ്ക്ക് ആ നികുതി നൽകുന്നതിനെ പ്രചരിപ്പിക്കാൻ കേന്ദ്രം ശ്രമിക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. സംസ്ഥാനത്തിന് കിട്ടാനുള്ളതും അർഹമായിട്ടുള്ളതുമായ തുകയാണ് തരുന്നത്. അത്രത്തോളം ഇനിയും നൽകാനുണ്ട്.

<u>ഡോ. എം. കെ. മുനീർ</u>: സർ, ജൽജീവൻ പദ്ധതിയെന്ന് പറയുന്നത്, കേന്ദ്ര-സംസ്ഥാന-ഗുണഭോക്തൃ-പഞ്ചായത്ത് വിഹിതങ്ങളാണ്. ഇപ്പോൾ എല്ലാ റോഡുകളും തകർന്നുകിടക്കുകയാണ്. സംസ്ഥാനം വയ്ക്കേണ്ട ആനുപാതികമായ വിഹിതം വയ്ക്കാത്തതുകൊണ്ടോ; അല്ലെങ്കിൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുക്കാത്തതുകൊണ്ടോ കേന്ദ്ര വിഹിതം കിട്ടുന്നില്ലെന്നാണ് പറയുന്നത്. കരാറുകാർക്കും പണം കിട്ടുന്നില്ല; കേന്ദ്രം നമുക്ക് പണം നൽകാത്തതാണോ; അതോ സംസ്ഥാനം വിഹിതം വയ്ക്കാത്തതാണോ എന്നതിലെ നിജസ്ഥിതിയെന്താണ്? എല്ലാ റോഡുകളും തകർന്ന് തരിപ്പണമായി കിടക്കുകയാണ്.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, വളരെ വിശദമായി ഇന്നലെ ഒരു മണിക്കൂറിലധികം ചർച്ച ചെയ്ത വിഷയമാണിത്. ചർച്ചയിൽ കേന്ദ്രത്തിൽനിന്നും എന്തൊക്കെ കിട്ടുന്നില്ലെന്ന കാര്യം വളരെ വ്യക്തമായി പറഞ്ഞിരുന്നു. അദ്ദേഹം ഇന്നലെ സഭയിൽ ഉണ്ടായിരുന്നില്ല. പക്ഷേ അക്കാര്യങ്ങൾ അദ്ദേഹം നോട്ട് ചെയ്യാത്തതിനാലാണ്. വളരെ പ്രധാനപ്പെട്ട കാര്യങ്ങൾ പലതും മന്ത്രി പറഞ്ഞിരുന്നു. സംസ്ഥാനത്തുനിന്നും പണം കൊടുക്കാത്തതല്ലെന്നുള്ള പ്രായോഗികമായ ചില കാര്യങ്ങൾ വിശദമായി ഇവിടെ ചർച്ച ചെയ്തിട്ടുള്ളതാണ്. മന്ത്രി പറഞ്ഞതിന്റെ ഓർമ്മയിൽനിന്നും ഞാൻ പറയുകയാണ്. 55000 ത്തോളം കി.മീ. റോഡുകൾ പുനർനിർമ്മിച്ചുകഴിഞ്ഞു. ബാക്കി റോഡുകൾ പൈപ്പ് ഇട്ടശേഷമേ പൂർത്തീകരിക്കാനാവൂ എന്നതിനാൽ അതിന്റെ കാര്യത്തിൽ തടസ്സമില്ല. ഇക്കാര്യത്തിൽ വളരെ വിശദമായ ചർച്ച നടന്നതിനാൽ ഞാൻ കൂടുതലൊന്നും പറയുന്നില്ല.

## ചില്ലറ വ്യാപാര മേഖലയുടെ പുരോഗതി

4 (*484) ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചില്ലറ വ്യാപാരമേഖലയുടെ പുരോഗതി ലക്ഷ്യമിട്ട് കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ഈ മേഖലയിലെ ട്രേഡ് ലൈസൻസ് സംബന്ധിച്ച സേവനങ്ങൾ സമയബന്ധിതമായും കാര്യക്ഷമമായും നൽകുന്നതിന് നൂതന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കൂടുതൽ സാമ്പത്തികാനുകൂല്യങ്ങൾക്കുള്ള പദ്ധതികൾ ഈ മേഖലയിൽ നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ഡി) വ്യാപാരരംഗത്ത് ചെലവ് കുറയ്ക്കുന്നതിനും ലാഭവിഹിതം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് മാറിവരുന്ന സാഹചര്യങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും ആധുനിക സാങ്കേതികവിദ്യകൾ

പ്രയോജനപ്പെടുത്തുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിക്കുമോ; വിശദമാക്കുമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

(എ) പരിഗണനയിലുണ്ട്. നിക്ഷേപവും നവീന ആശയങ്ങളും വളർത്തുന്നതിനും അനുകൂലമായ സുസ്ഥിര വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ലക്ഷ്യമാക്കി പുറപ്പെടുവിച്ച വ്യവസായ നയം 2023-ലെ മുൻഗണനാ മേഖലയിൽ ചില്ലറ വ്യാപാരമേഖല ഉൾപ്പെടുത്തിയിട്ടുണ്ട്. ചില്ലറ വ്യാപാരമേഖലയുടെ അടിസ്ഥാന സൗകര്യവികസനത്തിന്റെ ഭാഗമായി പി.പി.പി മാതൃകയിൽ സംഭരണ ശാലകൾ, ഇ-ടെയിൽ സോണുകൾ തുടങ്ങിയവ സ്ഥാപിക്കുന്നത് വിഭാവനം ചെയ്യുന്നു. സംസ്ഥാനത്തിന്റെ വാണിജ്യ മേഖലയിൽ സാമ്പത്തിക വളർച്ചയും സുസ്ഥിര വികസനവും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2018-ൽ രൂപീകരിച്ച വാണിജ്യ മിഷന്റെ പ്രവർത്തനങ്ങൾ 2023-ലെ വ്യവസായ നയത്തിനനുസൃതമായി കാര്യക്ഷമമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് 29.01.2024-ലെ

സ.ഉ(കൈ)നം.5/2024/വ്യവ. ഉത്തരവുപ്രകാരം വ്യവസായ വകുപ്പിനുകീഴിൽ ഒരു പ്രത്യേക ഡിവിഷൻ രൂപീകരിച്ചിട്ടുണ്ട്.

കേരളത്തിലെ വാണിജ്യമേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള സംവിധാനമാണ് കോമേഴ്സ് മിഷൻ. മാറുന്ന കാലത്തെ ബിസിനസ് അന്തരീക്ഷത്തിന്റെ ആവശ്യങ്ങൾ കണക്കിലെടുത്ത്, വ്യാപാര വാണിജ്യമേഖലയ്ക്ക് ഊന്നൽ നൽകുക എന്നുള്ളതാണ് കോമേഴ്സ് മിഷന്റെ പ്രധാന ലക്ഷ്യം. വ്യാവസായിക, വാണിജ്യ പരിസ്ഥിതിയുടെ ആവശ്യങ്ങൾക്ക് അനുസൃതമായി നയങ്ങൾ ആവിഷ്കരിക്കാനും നടപ്പാക്കാനും അവ നിരീക്ഷിക്കാനും ഇതുവഴി ഉദ്ദേശിക്കുന്നു. ഇതുമൂലം സംസ്ഥാനത്ത് വാണിജ്യ വ്യാപാര സ്ഥാപനങ്ങൾ വളരാൻ അനുയോജ്യമായ ഒരു അന്തരീക്ഷം സൃഷ്ടിക്കാനും സാധിക്കും.

(ബി) ട്രേഡ് സെക്ടർ - ഉൾപ്പെടെയുള്ള സംരംഭങ്ങളുടെ ലൈസൻസ് സംബന്ധിച്ച സേവനങ്ങൾ SWCB (Single Window Clearance Board)-ന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഓൺലൈൻ ലൈസൻസ് ലഭിക്കുന്നതിനായി തയ്യാറാക്കിയ K-SWIFT പോർട്ടൽ വഴി CAF (Common

Application Form) സമർപ്പിച്ചും സമയബന്ധിതമായി കരസ്ഥമാക്കാവുന്നതാണ്. ഇത്തരം സംരംഭങ്ങൾ കരസ്ഥമാക്കേണ്ട മറ്റ് അനുബന്ധ വകുപ്പുകളുടെ അനുമതികൾക്കുള്ള അപേക്ഷയും K-SWIFT-മുഖേന സമർപ്പിക്കണം.

(സി) വ്യാപാര മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്ക് നിലവിൽ വ്യവസായ വകുപ്പ് താഴെ പറയുന്ന സേവനങ്ങൾ നൽകുന്നുണ്ട്.

1. <u>എന്റർപ്രേണർഷിപ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവിന്റെ സേവനം</u>: സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സംരംഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിന് വ്യവസായ-വാണിജ്യവകുപ്പ് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും പ്രൊഫഷണൽ യോഗ്യതയുള്ള എക്സിക്യൂട്ടീവുകളെ നിയമിച്ചിട്ടുണ്ട്. ലൈസൻസ്, ലോൺ, സബ്സിഡി തുടങ്ങി ഒരു സംരംഭം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കും ഈ എക്സിക്യൂട്ടീവുമാരുടെ സേവനം തേടാവുന്നതാണ്.

2 <u>ഹെൽപ്പ് ഡെസ്ക്</u>: സംസ്ഥാനത്തെ 1034 തദ്ദേശ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ

നിലവിലുണ്ട്. ഈ ഹെൽപ്പ് ഡെസ്ക്കുകൾ വഴി സംരംഭങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങൾ ദൂരീകരിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾക്കും എന്റർപ്രെണർഷിപ്പ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവുമാരുടെ സേവനം പ്രയോജനപ്പെടുത്താം.

3. എം.എസ്.എം.ഇ. ഫെസിലിറ്റേഷൻ സെന്റർ: താലൂക്ക് വ്യവസായ ഓഫീസുകളെ, സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്ക് ആവശ്യമായ സഹായങ്ങളും ഉപദേശവും നൽകാൻ സജ്ജമായ എം.എസ്.എം.ഇ. ഫെസിലിറ്റേഷൻ സെന്ററുകളാക്കുന്നതിന്റെ ഭാഗമായി പ്രൊഫഷണൽ യോഗ്യതയുള്ള റിസോഴ്സ് പേഴ്സൺമാരെ തെരഞ്ഞെടുത്ത് മതിയായ പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്.

4. OFOE പദ്ധതി: ബാങ്ക് വായ്പ എടുത്ത് ആരംഭിക്കുന്ന സംരംഭങ്ങൾക്ക് പലിശയിളവ് ലഭ്യമാക്കുന്നതിനുള്ള പ്രത്യേക പദ്ധതിയാണിത്. ഉല്പാദന, സേവന, വ്യാപാര മേഖലകളിലെ എല്ലാ പുതിയ സംരംഭങ്ങൾക്കും 10 ലക്ഷം രൂപ വരെയുള്ള ലോൺ തുകയ്ക്ക് (Term loan and/or Working Capital loan) അഞ്ച് വർഷത്തേയ്ക്ക് 6% പലിശ ഇളവിന് അർഹതയുണ്ട്. 1-4-2022-നോ

അതിനുശേഷമോ പ്രവർത്തനമാരംഭിച്ച സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് ഈ പദ്ധതി ഉപയോഗപ്പെടുത്താം.

5. MSME ഇൻഷ്വറൻസ് പദ്ധതി: ഉത്പാദന സേവന-വ്യാപാര-മേഖലകളിൽപ്പെട്ട സൂക്ഷ്മചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി 2023 ഏപ്രിൽ ഒന്നിന് ശേഷം ഇൻഷ്വർ ചെയ്തിട്ടുള്ള സംരംഭങ്ങളുടെ വാർഷിക പ്രീമിയത്തിന്റെ 50% തുക (പരമാവധി 2500 രൂപ) സബ്സിഡി നൽകുന്നു. ഇതുവരെ ഇൻഷ്വർ ചെയ്തിട്ടില്ലാത്ത സംരംഭങ്ങൾക്ക് മത്സരാധിഷ്ഠിത നിരക്കിൽ പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും ഇൻഷ്വർ ചെയ്യാനുള്ള ഓൺലൈൻ സംവിധാനവും രൂപീകരിച്ചിട്ടുണ്ട്.

6. സംസ്ഥാന അവാർഡുകൾ: MSME-കളുടെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മികച്ച പ്രവർത്തനം കാഴ്ചവച്ച സംരംഭങ്ങൾ/സംരംഭകർക്ക് അവാർഡുകൾ നൽകുന്നു. ജില്ലയിലും സംസ്ഥാനത്തും സൂക്ഷ്മ, ചെറുകിട, ഇടത്തരം, വൻകിട വ്യാപാര മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്കാണ് അവാർഡ്.

(ഡി) സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും വ്യവസായം തുടങ്ങാനാവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയും വഴി കേരളത്തെ മികച്ച നിക്ഷേപസൗഹൃദ സംസ്ഥാനമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു.

സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ സംരംഭക ആശയം പകർന്നു നല്കുന്നതിനുമായി നൈപുണ്യ വികസന പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് ആസൂത്രണം ചെയ്തു നടപ്പാക്കിവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടത്തുന്ന GOT (General Orientation Training), വകുപ്പ് നേരിട്ട് നടത്തുന്ന സംരംഭക ബോധവൽക്കരണ പ്രോഗ്രാം (EAP), സംരംഭകത്വ വികസന പരിശീലനം (EDP), നിക്ഷേപക സംഗമം, ടെക്നോളജി ക്ലിനിക് (TC), ടെക്നോളജി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാം (TMDP), മെഷീനറി എക്സിബിഷൻ എന്നിവയിലൂടെയെല്ലാം സംരംഭകർക്ക്

പ്രോത്സാഹനവും മാറിവരുന്ന സാഹചര്യങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും വേണ്ട സാഹചര്യം ഒരുക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, സംസ്ഥാനത്ത് വിവിധ സംരംഭങ്ങൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിന് നിലവിൽ സർക്കാർ സഹായങ്ങൾ നൽകുന്നുണ്ടോ: ഉണ്ടെങ്കിൽ വിശദമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, യൂണിയൻ ഗവൺമെന്റിന്റെ സമീപനം വന്നതിനുശേഷം സർക്കാർ ഇപ്പോൾ ട്രേഡിനെ എം.എസ്.എം.ഇ.-യുടെ ഡെസ്റ്റിനേഷനകത്ത് ഉൾപ്പെടുത്തിക്കൊണ്ട് എല്ലാ ആനുകൂല്യങ്ങളും വ്യാപാര സ്ഥാപനങ്ങൾക്ക് നൽകുന്ന ഒരു സാഹചര്യമാണുള്ളത്. നമ്മുടെ വ്യവസായ നയത്തിലും 2023-ൽ ചില്ലറ-വ്യാപാര മേഖലയെ പ്രയോരിറ്റി സെക്ടറിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഡിജിറ്റൽ സങ്കേതങ്ങളുടെ ഉയർന്ന ഉപയോഗമുള്ള കേരളം പോലുള്ള ഉപഭോഗ സംസ്ഥാനത്ത് ചില്ലറ വില്പന മേഖലയുടെ വളർച്ചാസാധ്യത അപാരമാണ്. എന്നാൽ പലതരം വെല്ലുവിളികളെയും ഈ മേഖല നേരിടുന്നുണ്ട്. എം.എസ്.എം.ഇ. നിർവ്വചനത്തിൽ ട്രേഡിനെക്കൂടി

കൊണ്ടുവന്നതോടെ സംസ്ഥാന ഗവൺമെന്റും യൂണിയൻ ഗവൺമെന്റും നൽകുന്ന എല്ലാവിധ സഹായങ്ങളും ട്രേഡിനും ലഭ്യമാകും.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, സംസ്ഥാനത്തെ വിവിധ സംരംഭങ്ങൾക്ക് പി.എം.ഇ.ജി.പി. പോലെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള സഹായം കൃത്യമായി ലഭ്യമാകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാന്യനായ അംഗം ചോദിച്ചത് വളരെ ഗൗരവമായ പ്രശ്നമാണ്. ഭൗതിക പരിശോധന നടത്തിയതിനുശേഷമാണ് യൂണിയൻ ഗവൺമെന്റ് പി.എം.ഇ.ജി.പി. പദ്ധതിക്കുള്ള സാമ്പത്തികമായ പിന്തുണ നൽകുന്നത്. അതിനുവേണ്ടി അവർ Genesis International private Limited എന്ന ഒരു ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരുന്നത്. ഇവർ 2016-17 മുതൽ കാലാവധി പൂർത്തിയാക്കിയ യൂണിറ്റുകളുടെ പരിശോധന നടക്കാത്തതിനാൽ സബ്സിഡി ലഭ്യമാകുന്നില്ല. ബാങ്ക് വായ്പയ്ക്കാണ് സബ്സിഡി നൽകുന്നത് എന്നതിനാൽ വായ്പ പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യവും വരുന്നുണ്ട്. സർക്കാർ പലതവണ യൂണിയൻ സർക്കാരിലും

ഉദ്യോഗസ്ഥതലത്തിലുമെല്ലാം ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയിരുന്നതിന്റെ ഫലമായി 22-01-2024-ൽ ഒരു താല്ക്കാലിക പരിശോധന നടത്താനായി ഒരു സംവിധാനം രൂപീകരിച്ചപ്പോൾ Khadi and Village Industries Commission (KVIC)-നെക്കൂടി അതിൽ ചേർത്തു. ആ സംവിധാനത്തിലൂടെ 34 കേസുകൾ മാത്രമാണ് പരിശോധിക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇതിനെ വളരെ ഗൗരവമായ ഒരു പ്രശ്നമായി സർക്കാർ കാണുന്നതിനാൽ യൂണിയൻ ഗവൺമെന്റിന് വീണ്ടും കത്ത് നൽകിയിട്ടുണ്ട്. ഇവരുടെ കാലാവധി ഇപ്പോൾ അവസാനിച്ചതിനാൽ പോസ്റ്റൽ വകുപ്പിനെ ചുമതലപ്പെടുത്തുന്ന വിഷയം ഗവൺമെന്റ് പരിശോധിച്ചുവരുന്നതായി ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കുള്ള ആനുകൂല്യങ്ങൾ വ്യാപാരമേഖലയ്ക്കും ലഭ്യമാണോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ട്രേഡുകളെ എം.എസ്.എം.ഇ.-കളുടെ നിർവ്വചനത്തിനകത്ത് ഉൾപ്പെടുത്തിയതിന്റെ ഭാഗമായി നമ്മൾ നൽകുന്ന എല്ലാവിധ എം.എസ്.എം.ഇ. ആനുകൂല്യങ്ങളും അതിപ്പോൾ ഇന്ററസ്റ്റ് ഓഫ് പെൻഷൻ സ്കീം, ഇൻഷ്വറൻസ് സ്കീം, പഞ്ചായത്തുകളിലുള്ള ഇന്റേൺസിന്റെ

ഹാന്റ് ഹോൾഡ് സർവീസ്, ഫെസിലിറ്റേഷൻ സെന്ററുകൾ, എം.എസ്.എം.ഇ. ക്ലിനിക് തുടങ്ങിയ എല്ലാവിധ സൗകര്യങ്ങളും ട്രേഡിനുകൂടി ലഭ്യമാകും.

ശ്രീ. പി. മമ്മിക്കുട്ടി: സർ, പുതിയ വ്യവസായ നയത്തിൽ വാണിജ്യമേഖലയ്ക്ക് മതിയായ മുൻഗണന നൽകുന്നുണ്ടോ?

ശ്രീ. പി. രാജീവ്: സർ, നമ്മുടെ ഇൻഡസ്ട്രിയൽ പോളിസിയിലെ പ്രയോറിറ്റി സെക്ടറുകളിൽ ഒന്ന് ട്രേഡ് ആണ്. ഇതുകൂടാതെ അതിനനുസൃതമായി അവിടെ കോമേഴ്സ് മിഷൻ പുനഃക്രമീകരിച്ചിട്ടുണ്ട്. അതോടൊപ്പം വാണിജ്യത്തിനുവേണ്ടി പ്രത്യേകമായി ഒരു മന്ത്രാലയം വേണമെന്ന വ്യാപാരി സംഘടനകളുടെ കുറേക്കാലമായുള്ള ആവശ്യം ആ രൂപത്തിൽ വന്നില്ലെങ്കിലും ഡയറക്ടറേറ്റിലും സെക്രട്ടറിയേറ്റിലും വാണിജ്യത്തിനായി പ്രത്യേകമായുള്ള ഒരു സെക്ഷൻ നിലവിലുള്ള ആളുകളെ ഡിപ്ലോയ് ചെയ്തുകൊണ്ട് ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, നിരവധി മൾട്ടി നാഷണൽ കമ്പനികളാണ് വാണിജ്യ രംഗവുമായി ബന്ധപ്പെട്ട് കേരളത്തിലേയ്ക്ക്

കടന്നുവരുന്നത്. ഇതിന്റെ കൂടി അടിസ്ഥാനത്തിൽ ഒരു പുതിയ വാണിജ്യനയം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, വ്യവസായനയത്തിൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പല തരത്തിലുള്ള പുതിയ വെല്ലുവിളികൾ നേരിടുന്നുണ്ട്. ഓൺലൈൻ മാർക്കറ്റിംഗ് വരുന്നു. അതോടൊപ്പം പുതിയ തലത്തിലുള്ള മാർക്കറ്റിംഗ് സംവിധാനങ്ങൾ, വലിയ മാളുകൾ എന്നിവയെല്ലാം വരുന്നു. ഇവയെല്ലാം റീടെയിൽ ട്രേഡിനെ വല്ലാതെ ബാധിച്ചിട്ടുണ്ട്. ഇതെല്ലാം പരിഗണിച്ചുകൊണ്ട് പുതിയ വാണിജ്യനയംകൂടി സർക്കാർ ആലോചിക്കുന്നുണ്ട്.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, വടക്കാഞ്ചേരി മണ്ഡലത്തിലെ വിരുപ്പാക്കയിൽ പ്രവർത്തിച്ചിരുന്ന തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ നിലവിൽ ലേ ഓഫിലാണ്. അത് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും നിലവിലുള്ള കാര്യങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനുംവേണ്ടി മന്ത്രി പങ്കെടുത്തുകൊണ്ട് ഒരു ഉന്നതതല യോഗം വിളിക്കുമോ?

ശ്രീ. പി. രാജീവ്: സർ, സ്പിന്നിംഗ് മില്ലുകൾ നേരിടുന്ന പൊതുവായ പ്രശ്നങ്ങൾ, വാണിജ്യ നയങ്ങളുമായി ബന്ധപ്പെട്ടുള്ളതല്ലെങ്കിൽപോലും അത് ഗൗരവമായ പ്രശ്നമായതുകൊണ്ട് പലതവണ ഈ സഭയിൽ അതിന്റെ അടിസ്ഥാന പ്രശ്നങ്ങൾ വിശദീകരിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം 3 കോടി 8 ലക്ഷം രൂപ തൃശ്ശൂർ സ്പിന്നിംഗ് മില്ലിന് അനുവദിച്ചിട്ടുണ്ട്. ഈ വർഷം ഒന്നരക്കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അദ്ദേഹം പറഞ്ഞ പ്രശ്നങ്ങൾ ഉദ്യോഗതലത്തിൽ വീണ്ടും പരിഗണിക്കുന്നതാണ്. പൊതുവായ ഈ പ്രശ്നത്തിന് പരിഹാരമായി കോട്ടൺ, പരുത്തി എന്നിവയുടെ വിലയിലെ വ്യത്യാസം തുടങ്ങിയവയുമായെല്ലാം ബന്ധപ്പെട്ടേ പരിഹാരം കാണാൻ കഴിയുകയുള്ളൂ. തൃശ്ശൂർ സ്പിന്നിംഗ് മില്ലും, സീതാറാം മില്ലും കൂടി സംയോജിപ്പിക്കാൻ സാധ്യതകളുണ്ടോയെന്നും സർക്കാർ പരിശോധിക്കുന്നതായിരിക്കും.

## കേരള ബാങ്കിന്റെ റേറ്റിംഗ്

5 (*485) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീമതി കെ. കെ. രമ:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ് ബാങ്ക്, കേരള ബാങ്കിന്റെ റേറ്റിംഗ് ബി-യിൽനിന്ന് സി-യിലേക്ക് മാറ്റിയത് കാർഷിക വായ്പ, സംഘാംഗങ്ങൾക്കുള്ള വായ്പ, ചെറുകിട സംരംഭ വായ്പ, ഭവന വായ്പ എന്നിവയെ എപ്രകാരം ബാധിക്കുമെന്ന് വിശദമാക്കുമോ;

(ബി) പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ബാങ്ക് നൽകിവരുന്ന ഓവർ ഡ്രാഫ്റ്റ് അടക്കമുള്ള സഹായങ്ങളെ ഇത് ബാധിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രതിസന്ധി എപ്രകാരം പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ,

(എ-സി) കേരള ബാങ്കിന്റെ റേറ്റിംഗ് റിസർവ് ബാങ്ക് മാറ്റിയിട്ടില്ല. 2022-23 സാമ്പത്തിക വർഷത്തെ നബാർഡിന്റെ വാർഷിക പരിശോധനയുമായി ബന്ധപ്പെട്ട സാധാരണ നടപടിക്രമം മാത്രമാണ് നബാർഡ് റേറ്റിംഗിൽ ഉണ്ടായിട്ടുള്ള മാറ്റം. ഈ റേറ്റിംഗ് വ്യത്യാസം 25 ലക്ഷത്തിലധികം വരുന്ന വ്യക്തിഗത വായ്പകളെ മാത്രമേ ബാധിക്കുകയുള്ളൂ. നിലവിൽ ഇത്തരം വായ്പകൾ ബാങ്ക് നൽകിയിട്ടുള്ള ആകെ വായ്പയുടെ 3 ശതമാനം മാത്രമാണ്. ബാങ്ക് പ്രധാനമായും ലക്ഷ്യമിടുന്നത് MSME, LT Agriculture, സ്വർണ്ണ പണയ വായ്പ, ഭവന വായ്പ, സംഘം വായ്പകൾ എന്നിവയാണ്. ഇത്തരം വായ്പകൾക്ക് നബാർഡ് റേറ്റിംഗ് ബാധകമല്ലാത്തതിനാൽ ഇപ്പോഴുള്ള റേറ്റിംഗ് വ്യത്യാസം ബാങ്കിന്റെ പ്രവർത്തനങ്ങളെ കാര്യമായി ബാധിക്കുന്നില്ല. എന്നാൽ പ്രസ്തുത റേറ്റിംഗ് നിലവിൽ സംഘങ്ങൾക്ക് നൽകിവരുന്ന കാർഷിക വായ്പ, സംഘാംഗങ്ങൾക്കുള്ള വായ്പ, പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്ക് നൽകുന്ന വായ്പകൾ, വ്യക്തികൾക്കുള്ള ഭവന വായ്പകൾ തുടങ്ങിയവയെ ബാധിക്കില്ല. നബാർഡിന്റെ റേറ്റിംഗ് മാറ്റം പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്കും ഇതര സംഘങ്ങൾക്കും കേരളാ

ബാങ്കിൽനിന്നും വായ്പ നൽകുന്നതിന് ഒരു വിധത്തിലും തടസ്സമാകുന്നില്ല. തുടർന്നും മേൽപ്പറഞ്ഞ വായ്പകൾ അനുസ്യൂതം നൽകുന്നതിൽ യാതൊരു തടസ്സവും സൃഷ്ടിക്കപ്പെടുന്നില്ല. ചെറുകിട സംരംഭ വായ്പയ്ക്ക് നിലവിൽ നൽകി വരുന്ന വായ്പാതോതനുസരിച്ച് വായ്പ നൽകുന്നതിന് കാര്യമായ തടസ്സം ഉണ്ടാകുന്നില്ല.

MSME, LT Agriculture, സ്വർണ്ണ പണയ വായ്പ, ഭവന വായ്പ, സംഘം വായ്പകൾ എന്നിവയ്ക്കു ഊന്നൽ നൽകികൊണ്ട് ഉൽപ്പാദന സേവന കച്ചവട മേഖലയുമായി ബന്ധപ്പെട്ടുനിൽക്കുന്ന വ്യാപാർ ലോണുകൾ, ഗ്രാമീണ മേഖലയിലെ തൊഴിൽ വർദ്ധിപ്പിക്കുന്നതിനും യന്ത്രങ്ങൾ വാങ്ങി ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട KB Machinery വായ്പകൾ, ടൂറിസം പ്രൊമോഷനുമായി ബന്ധപ്പെട്ട് KB Homestay ലോണുകൾ, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കുള്ള ലോണുകൾ എന്നിവ നല്കുന്നതിലൂടെ വായ്പാ portfolio-ലുള്ള മെച്ചപ്പെട്ട പുരോഗതി കൈവരിക്കാൻ ബാങ്കിന് സാധിക്കുന്നതാണ്. തൻവർഷം കാർഷിക വായ്പകൾ നിലവിലുള്ള മൊത്തം വായ്പകളുടെ 24.65% എന്നത് 30 ശതമാനമായി

വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മൊത്തം വായ്പകളിൽ 6000 കോടിയുടെ വർദ്ധന ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ നബാർഡ് ചൂണ്ടികാണിച്ച ന്യൂനതകൾ ഭരണസമിതിയുടെ മേൽനോട്ടത്തിൽ ഇക്കൊല്ലം പരിഹരിച്ച് റേറ്റിംഗ് മെച്ചപ്പെടുത്താനുള്ള ഊർജ്ജിത ശ്രമങ്ങൾ ബാങ്ക് നടത്തിവരുന്നു.

2023-24 സാമ്പത്തിക വർഷത്തിൽ കേരളാ ബാങ്ക് 209 കോടി രൂപ ലാഭത്തിലാണ് കണക്കവസാനിപ്പിച്ചത്. ഇത് കേരള ബാങ്ക് രൂപവൽക്കരിച്ച ശേഷമുള്ള ഏറ്റവും കൂടിയ ലാഭമാണ്.

ശ്രീ. സി. ആർ. മഹേഷ്: സർ, കേരള ബാങ്ക് രൂപീകരിച്ചപ്പോൾ ഗവൺമെന്റ് പറഞ്ഞിരുന്നത്, നബാർഡിൽനിന്ന് ലഭിക്കുന്ന തുക സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ വന്ന് ജില്ലാ സഹകരണ ബാങ്കിൽ കൊടുത്ത് വായ്പ നൽകുമ്പോഴുണ്ടാകുന്ന അധിക പലിശ ഒഴിവാക്കി സാധാരണക്കാരന് 6-7 ശതമാനത്തിന് വായ്പ നൽകാൻ സാധിക്കുമെന്നാണ്. എന്നാൽ പലിശ കുറച്ചില്ലെന്ന് മാത്രമല്ല, അത് പരമാവധികൂട്ടി ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന സമീപനമാണുള്ളത്. സർക്കാർ അവകാശവാദം ഉന്നയിച്ചതുപോലെ ഏഴ്

ശതമാനം പലിശയ്ക്ക് സാധാരണക്കാർക്ക് ലോൺ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ഇപ്പോൾ നടപടി സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം നബാഡിന്റെ അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് പ്രയോജനപ്പെടുത്തികൊണ്ട് ഒരു ശതമാനം പലിശനിരക്കിൽ കിട്ടുന്ന പശ്ചാത്തല സൗകര്യത്തിനുള്ളതും കൊടുക്കുന്നുണ്ട്.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, ആയിരത്തിയഞ്ഞൂറോളം വേക്കൻസികൾ നിലവിലുള്ളപ്പോൾ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താത്തതുമൂലം ബ്രാഞ്ച് ഇൻസ്പെക്ഷൻ നടത്താതിരുന്നതല്ലേ ആർ.ബി.ഐ. ഗ്രേഡ് താഴാൻ ഒരു കാരണമെന്നത് വിശദമാക്കാമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, അങ്ങയുടെ ധാരണ തെറ്റാണ്. ആർ.ബി.ഐ. അല്ല ഗ്രേഡ് തയ്യാറാക്കിയത്, നബാർഡാണ്. അതുകൊണ്ട് ഇപ്പോൾ നടപടി സ്വീകരിച്ചുവരുന്നു. എല്ലാ വേക്കൻസികളും ഫിൽ ചെയ്യുന്നതായിരിക്കും.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, കേരള ബാങ്കിൽനിന്നും ലോൺ എടുത്ത് കാർഷിക പ്രതിസന്ധി, വന്യമൃഗശല്യം, ക്യാൻസർ, കിഡ്നി, ഹാർട്ടുപോലുള്ള മാരകമായ അസുഖം പിടിപെട്ട് അവർക്ക് ട്രീറ്റ്മെന്റിന്റെ ഭാഗമായി പോകുമ്പോൾ ലോൺ അടയ്ക്കാൻ കഴിയാത്തൊരു സാഹചര്യവുമുണ്ട്. ക്യാൻസർ, ഹാർട്ട്, കിഡ്നി, എന്നിവ മുഖേന ആളുകൾ മരണപ്പെട്ട കുടുംബങ്ങൾ, അത്തരം കുടുംബങ്ങളുടെ ലോണുകളുടെ പലിശ ഗവൺമെന്റ് ഏറ്റെടുത്തുകൊണ്ട് മുതൽ ഗഡുക്കളാക്കി അടയ്ക്കാനുള്ള സാഹചര്യം അവർക്ക് കൊടുക്കുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, 30-06-2024 വരെ വൺടൈം സെറ്റിൽമെന്റ് പ്രഖ്യാപിച്ചിരുന്നതനുസരിച്ച് ഒട്ടനവധി ആശ്വാസകരമായ നടപടികൾ സ്വീകരിച്ചിരുന്നു. നല്ല രൂപത്തിലുള്ള പ്രതികരണമുണ്ടായിട്ടുണ്ട്.

ശ്രീമതി കെ. കെ. രമ: സർ, സംസ്ഥാന സഹകരണ ബാങ്കിനെയും ജില്ലാ ബാങ്കിനെയും ഒന്നിപ്പിച്ച് കേരള ബാങ്കാക്കിയതിന്റെ ഭാഗമായി റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിൽ കൊണ്ടുവന്നതാണോ ഈ ബാങ്കിംഗിന്റെ റേറ്റ്

കുറയാൻ കാരണം; ആ തീരുമാനം തെറ്റായിരുന്നെന്ന് സർക്കാർ കരുതുന്നുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, കേരള ഗവൺമെന്റ് ജില്ലാ ബാങ്കുകളെ ലയിപ്പിച്ച് കേരള ബാങ്ക് ആക്കിയ തീരുമാനം അഭിമാനകരമായിരുന്നു. ഇതുവരെയുള്ള എല്ലാ വർഷവും അതിന്റെ റിസൽട്ട് പരിശോധിച്ചാൽ ലാഭകരമായിരുന്നു. ഈ വർഷം 209 കോടി രൂപ ലാഭത്തിൽ എത്തി റിക്കാർഡ് ലാഭത്തിലായിരിക്കുന്നു. അതോടൊപ്പം ഈ കാര്യത്തിൽ റേറ്റിംഗ് വന്നത് നബാർഡിന്റെയും എൻ.ബി.എ.-യുടെയും അക്കൗണ്ടിന്റെയും മറ്റ് കാര്യങ്ങളെല്ലാം നോക്കിയാണ്. അത് ഈ വർഷം പരിഹരിക്കുന്നതാണ്. കഴിഞ്ഞ വർഷത്തേതായിരുന്നു സൂചിപ്പിച്ചത്.

ശ്രീ. എം. വിൻസെന്റ്: സർ, സംസ്ഥാന ഗവൺമെന്റ് ആവിഷ്കരിക്കുന്ന പദ്ധതികൾ ഉദാഹരണത്തിന്, മൊറട്ടോറിയം പ്രഖ്യാപിക്കുക, അതോടൊപ്പം വൺ ടൈം സെറ്റിൽമെന്റ് ഇതെല്ലാംമൂലം പ്രാഥമിക സംഘങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക ബാധ്യത വളരെ വലുതാണ്. അവർ ഡെപ്പോസിറ്റായി സ്വീകരിക്കുന്ന പണത്തിന് പലിശ നൽകുകയും ചെയ്യുന്നതാണ്. സാമൂഹിക

പബ്ലിക്കേഷന്റെ അടിസ്ഥാനത്തിലായിരിക്കും സർക്കാർ സ്കീമുകൾ ചെയ്യുന്നത്. പക്ഷേ ആ സ്കീമുകൾ നടപ്പിലാക്കുമ്പോൾ പ്രാഥമിക സംഘങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കാനുള്ള എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇക്കാര്യത്തിൽ കേരള ബാങ്കും പ്രൈമറി സംഘങ്ങളുമായി പരസ്പരം ബന്ധപ്പെട്ട് ബിസിനസ്സ്പരമായ കാര്യങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്ത് നഷ്ടവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിഷ്കരിക്കാവുന്നതാണ്.

**അടിയന്തര ചോദ്യം**

മി. സ്പീക്കർ: ഓർഡർ.... ഓർഡർ....

പി.എസ്.സി പരീക്ഷയ്ക്ക് കൺഫർമേഷൻ കൊടുക്കാൻ കഴിയാത്തവർക്ക് അവസരം നൽകാൻ നടപടി

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. ഓൺലൈൻ പോർട്ടലിന്റെ സാങ്കേതിക പ്രശ്നങ്ങൾമൂലം കുറെയേറെ ഉദ്യോഗാർത്ഥികൾക്ക് കാറ്റഗറി നമ്പർ 503/2023,

എൽ.ഡി.സി. തസ്തികയിലേക്ക് കൺഫർമേഷൻ നൽകാനായില്ല എന്നത് സംബന്ധിച്ച പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ ഉദ്യോഗാർത്ഥികൾക്ക് അർഹമായ അവസരം ലഭിക്കാതെ വന്നിട്ടുണ്ടെങ്കിൽ ഇക്കാര്യം പരിശോധിച്ച് ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ&ബി) വിവിധ വകുപ്പുകളിലെ എൽ.ഡി. ക്ലാർക്ക് തസ്തികയിലേക്കുള്ള പരീക്ഷകൾ വിവിധ ഘട്ടങ്ങളായി നടത്തുവാൻ പി.എസ്.സി. നിശ്ചയിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയുടെ പരീക്ഷ ജൂലൈ 27-നും കൊല്ലം, കണ്ണൂർ ജില്ലകളുടെ പരീക്ഷ ആഗസ്റ്റ് 17-നും പത്തനംതിട്ട, തൃശ്ശൂർ, കാസർഗോഡ് ജില്ലകളിലെ പരീക്ഷ ആഗസ്റ്റ് 31-നുമാണ് നിശ്ചയിച്ചിരിക്കുന്നത്. ഇതിൽ തിരുവനന്തപുരം ജില്ലയിലെ ഉദ്യോഗാർത്ഥികൾ കൺഫർമേഷൻ സമർപ്പിക്കേണ്ട തീയതി 22-04-2024 മുതൽ 11-05-2024 വരെയും ആഗസ്റ്റ് മാസത്തിലെ പരീക്ഷയ്ക്കുള്ള കൺഫർമേഷൻ സമർപ്പിക്കേണ്ട തീയതി 23-05-2024 മുതൽ 11-06-2024 വരെയുമായിരുന്നു. പ്രസ്തുത കാലയളവിൽ ഓൺലൈൻ പോർട്ടലിന്

സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടായിരുന്നില്ല. ആറ് ജില്ലകളിലുമായി കൺഫർമേഷൻ നൽകിയവരുടെ വിവരം ഇപ്രകാരമാണ്.

| | |
|---|---|
| തിരുവനന്തപുരം | 1.39,187 |
| കൊല്ലം | 82,256 |
| കണ്ണൂർ | 66,130 |
| പത്തനംതിട്ട | 38,636 |
| തൃശ്ശൂർ | 73,774 |
| കാസർഗോഡ് | 36,664 |

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി ആശ്വാസകരമാണ്. പോർട്ടലിന്റെ സാങ്കേതിക തകരാറുകാരണം കൺഫർമേഷൻ ചെയ്യാൻ കഴിയാത്തവരുടെ വിവരം ആക്ടിവിറ്റി ലോഗ് പരിശോധിച്ചാൽ അറിയാൻ കഴിയുമെന്നാണ് പറയുന്നത്. ആക്ടിവിറ്റി ലോഗ് പരിശോധിക്കാനുള്ള നടപടി സ്വീകരിക്കുമോ? ഒപ്പം തെറ്റായ വാർത്ത നൽകുന്ന മാധ്യമങ്ങളെ തിരുത്താൻ എന്തുനടപടിയാണ് സർക്കാരിന് സ്വീകരിക്കാൻ കഴിയുന്നതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരളത്തിലെ മാധ്യമങ്ങളുടെ ഒരു രീതി അതായി മാറിപ്പോയി. അത് തിരുത്തിക്കാൻവേണ്ടി പുറപ്പെട്ട് അത് തിരുത്തിക്കാനൊന്നും പെട്ടെന്ന് സാധിക്കുമെന്ന് തോന്നുന്നില്ല. മാധ്യമങ്ങൾതന്നെ കാര്യങ്ങൾ ആലോചിക്കേണ്ടതാണ്. അവരുടെ വിശ്വാസ്യതയ്ക്ക് വലിയ കോട്ടം തട്ടുകയാണ്. അവരുതന്നെ സ്വയം ആലോചിച്ച് നടപടികൾ സ്വീകരിക്കുന്നതാണ് നല്ലത്. ഈ പറയുന്ന കൺഫർമേഷൻ നൽകേണ്ട ജില്ലകളെടുത്താൽ അവർക്ക് ആർക്കും ഇതിന് പ്രയാസമുണ്ടായിട്ടില്ല. ആ ഘട്ടത്തിൽ അവിടെ ഒരു സാങ്കേതിക തകരാറും ഉണ്ടായിട്ടുമില്ല.

ഡോ. മാത്യു കുഴൽനാടൻ: സർ, ഇപ്പോൾ സഭയിലെടുത്ത അടിയന്തര ചോദ്യം ഞങ്ങൾക്ക് ലഭിച്ച ചോദ്യം Question booklet-ൽ ഏഴാമതായി പ്രിന്റ് ചെയ്തിട്ടുള്ളതാണ്. അങ്ങ് ഇക്കാര്യം പരിശോധിക്കണം.

മി. സ്പീക്കർ: പ്രിന്റിംഗ് എറർ ഉണ്ടോയെന്ന് പരിശോധിക്കാം. അത് പ്രൊഡ്യൂസ് ചെയ്താൽ മതി. പരിശോധിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)